# കേരള ഗവർണ്ണർ

# ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേകർ

## 2026 ജനുവരി 20-ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാന്യരായ കേരള നിയമസഭാംഗങ്ങളെ:

**ആമുഖം**

1. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് ഈ മഹനീയ സഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു. ഈ സഭ കേരള ജനതയുടെ പൊതുഹിതത്തെ പ്രതിനിധീകരിക്കുന്നതും സംസ്ഥാനത്തെ ജനാധിപത്യ ചർച്ചയുടെ പരമോന്നത വേദിയുമായി നിലകൊള്ളുന്ന തുമാകുന്നു. നാം ഈ സമ്മേളനത്തിന്റെ നടപടികൾ ആരംഭിക്കുന്ന അവസരത്തിൽ ബഹുമാന്യരായ എല്ലാ അംഗങ്ങൾക്കും എന്റെ ആദരപൂർവ്വമായ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

2. ഈ വർഷം കേരളം അതിന്റെ വികസനയാത്രയിലെ ഒരു നിർണ്ണായക സന്ദർഭത്തിലേക്ക് കടക്കുകയാണ്. കഴിഞ്ഞ ദശകത്തിൽ സംസ്ഥാനം, ഇന്ത്യയിലെ സാമൂഹ്യമായി ഏറ്റവും മുന്നേറിയതും വ്യവസ്ഥാപിത മായി ശക്തമായതുമായ സംസ്ഥാനങ്ങളിൽ ഒന്നാണ് എന്ന അതിന്റെ സ്ഥാനം അരക്കിട്ടുറപ്പിച്ചിട്ടുണ്ട്. എന്റെ സർക്കാർ സാർവ്വത്രിക വിദ്യാഭ്യാസ അവകാശം, ആരോഗ്യ സംരക്ഷണം, പൊതുശുചിത്വം, സാമൂഹ്യ സുരക്ഷാ മുതലായവ ലഭ്യമാക്കിക്കൊണ്ട്

അതിദാരിദ്ര്യം ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ഇപ്പോഴത്തെ ശിശുമരണ നിരക്ക് ഒട്ടേറെ വികസിത സമ്പദ്ഘടനകളെക്കാൾ താഴ്ന്നതും വിവിധ പെൻഷൻ പദ്ധതികൾക്ക് കീഴിൽ 80ശതമാനത്തിലേറെ വയോജനങ്ങളെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള നമ്മുടെ സാമൂഹ്യ സുരക്ഷാസംവിധാന ങ്ങൾ, ലോകത്തിലെ ഏറ്റവും സമഗ്രമായ ഒന്നായി നിലകൊള്ളുന്നുവെന്നതും ശ്രദ്ധേയമാണ്.

3. എന്റെ സർക്കാർ, 'ജനത പ്രഥമസ്ഥാനീയർ' എന്ന നയം പതിവായി സ്വീകരിച്ചിട്ടുള്ളതും, തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ വോട്ടർമാർക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിന്റെ വാർഷിക പുരോഗതി റിപ്പോർട്ട് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ഒരു മഹത്തായ സംരംഭത്തിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ സർക്കാർ ഈ രീതി വീഴ്ചകൂടാതെ തുടർന്നുകൊണ്ടിരിക്കുന്നു.

4. എന്റെ സർക്കാർ, ജനാധിപത്യ വികേന്ദ്രീകരണ ത്തിന് ധീരമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിൽ അടുത്തിടെ ത്രിതല തദ്ദേശ സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുകയും പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ആസൂത്രിത സാമ്പത്തിക വികസനത്തിൽ കേരളത്തിലെ തദ്ദേശ സർക്കാരുകൾ പ്രധാന പങ്കാളികളായിട്ടുള്ളതും പ്ലാൻ

ഫണ്ടിന്റെ ഏകദേശം 28 ശതമാനം തദ്ദേശ സർക്കാരുകൾക്കായി നീക്കിവച്ചിട്ടുള്ളതുമാണ്.

5. എല്ലാ തദ്ദേശ സർക്കാരുകൾക്കും തുല്യ പരിഗണന നൽകുന്നത് എന്റെ സർക്കാരിനുള്ള അഭിമാനാർഹമായ നേട്ടമാണ്. വ്യത്യസ്ത പരിഗണനയെക്കുറിച്ചുള്ള ആരോപണങ്ങൾ ഒരു ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടില്ല. വികേന്ദ്രീകൃത ഭരണത്തിലും അടിസ്ഥാന തല ജനാധിപത്യത്തേയും ഫെഡറലിസത്തിന്റെ ശരിക്കുള്ള സത്തയെയും ശക്തിപ്പെടുത്തുന്നതിനായുള്ള എന്റെ സർക്കാരിന്റെ ഉറച്ച വിശ്വാസത്തെയാണ് ഇത് തെളിയിക്കുന്നത്.

6. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ആശയം എന്റെ സർക്കാർ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരികയാണ്. എന്റെ സർക്കാർ ഡിജിറ്റൽ ആപ്പുകളിലൂടെ, ജനങ്ങൾക്ക് ആയാസരഹിതമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഭരണത്തിൽ ഇലക്ട്രോണിക് രീതികൾ ഉപയോഗിക്കൽ, ഡിജിറ്റൽ സാക്ഷരതയ്ക്ക് ഊന്നൽ നൽകൽ, ഡിജിറ്റൽ വിഭജനത്തെ ഇല്ലായ്മചെയ്യൽ എന്നിവയ്ക്ക് എന്റെ സർക്കാർ അഭിമാനാർഹമായ സ്ഥാനം നൽകിയിട്ടുണ്ട്.

7. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകാതിരുന്നാൽ വിജ്ഞാപനം

ചെയ്യപ്പെട്ട സേവനങ്ങൾ ലഭ്യമാക്കിയതായി കണക്കാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് സുപ്രധാനമായ 'കേരള സേവനാവകാശ നിയമം' എന്റെ സർക്കാർ പാസാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്ന ശ്രമത്തിലാണ് എന്റെ സർക്കാർ.

8. വായ്പയെടുത്ത വ്യക്തിയുടേതല്ലാത്ത കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങിയ സാഹചര്യങ്ങളിൽ വായ്പ തുക ഈടാക്കുന്നതിനുള്ള ജപ്തി നടപടികളിൽ നിന്നും സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരുടെ ഏക കിടപ്പാട സംരക്ഷണം എന്റെ സർക്കാരിന്റെ മറ്റു സുപ്രധാന നിയമനിർമ്മാണ സംരംഭങ്ങളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് മതിയായ സംരക്ഷണം നൽകുമ്പോൾതന്നെ, നമ്മുടെ മാതൃഭാഷയായ മലയാളത്തെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കികൊണ്ടുള്ളതാണ് മറ്റൊരു നിയമനിർമ്മാണം.

9. ആവശ്യാധിഷ്ഠിത തൊഴിൽ പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. ഈ പദ്ധതിക്ക് അടുത്തകാലത്ത് വരുത്തിയ ഭേദഗതിയിൽ VB-GRAM G ആക്കി മാറ്റിയതിലൂടെ യൂണിയനിൽ നിന്നുള്ള സഹായം 100 ശതമാനത്തിൽ നിന്നും 60 ശതമാനമായി കുറഞ്ഞത് കേരളത്തിന് ഒരു തിരിച്ചടിയാണ്. മുൻ പദ്ധതിയുടെ ആവശ്യാധിഷ്ഠിത

സ്വഭാവവുമായി ബന്ധപ്പെട്ടും ചില പ്രശ്നങ്ങളുമുണ്ട്. ഈ ആശങ്കകൾ എന്റെ സർക്കാർ യൂണിയൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) സംവിധാനം തുടർന്നും നിലനിൽക്കണം എന്നതാണ് എന്റെ സർക്കാരിന്റെ നിലപാട്.

10. കേരളത്തെ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച നിക്ഷേപാന്തരീക്ഷമുള്ള സംസ്ഥാനമായി പരിവർത്തനം ചെയ്യുന്നതിൽ എന്റെ സർക്കാർ വിജയിച്ചിട്ടുണ്ട്. സമ്പദ്‌വ്യവസ്ഥയുടെ സൂര്യോദയ മേഖലകളായ സ്റ്റാർട്ടപ്പുകൾ പോലുള്ള എന്റെ സർക്കാരിന്റെ സംരംഭങ്ങൾ ശ്രദ്ധേയമായ ഫലങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്.

11. എന്റെ സർക്കാരിന്, ഭരണഘടനാമൂല്യങ്ങളോടും നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ധാർമ്മികതകളായ ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സോഷ്യലിസം എന്നിവയോടും ആഴത്തിലുള്ള പ്രതിബദ്ധതയുണ്ട്. പൊതുമണ്ഡലത്തിൽ ഈ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും കൂടാതെ ആവശ്യമുള്ള ഘട്ടങ്ങളിൽ ഭരണഘടനാകോടതികളെ സമീപിക്കുന്ന തിനും സാദ്ധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

12. ഇത്തരം സാമൂഹികവും സ്ഥാപനപരവുമായ നേട്ടങ്ങൾ കൈവരിച്ചിട്ടും, ധനകാര്യ ഫെഡറലിസത്തിന്റെ

ഭരണഘടനാപരമായ തത്വങ്ങളെ ദുർബലപ്പെടുത്തുന്ന യൂണിയൻ ഗവൺമെന്റിന്റെ തുടർച്ചയായ പ്രതികൂല നടപടികളുടെ ഫലമായി കേരളം ഗുരുതരമായ സാമ്പത്തിക ഞെരുക്കം നേരിട്ടുകൊണ്ടിരിക്കുകയാണ്. 2026 ജനുവരി മുതൽ മാർച്ച് വരെയുള്ള ഈ സാമ്പത്തിക വർഷത്തിന്റെ  അവസാന പാദത്തിൽ, സംസ്ഥാനത്തിന് ചെലവുസംബന്ധമായ ബാധ്യതകൾ നിറവേറ്റുന്നതിനായി ഏകദേശം 12,000 കോടി രൂപ ലഭിക്കേണ്ടതായിരുന്നു. ഈ തുകയുടെ പകുതിയിലധികം വെട്ടിക്കുറച്ചിട്ടുള്ളതും 5,944 കോടി രൂപ മതിയായ ന്യായീകരണമില്ലാതെ നിഷേധിച്ചിട്ടുള്ളതുമാണ്. അതേസമയം, 2025 സെപ്റ്റംബർ വരെ - മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ - കേന്ദ്ര പദ്ധതികളിൻ കീഴിൽ കേരളത്തിന് ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക 5,650.45 കോടി രൂപയാണ്.  ഈ സാമ്പത്തിക വർഷത്തിലെ നിർണായക ഘട്ടത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികത്തിൽ ഈ വെട്ടിക്കുറക്കലുകൾ കടുത്ത സമ്മർദ്ദം സൃഷ്ടിച്ചിരിക്കുകയാണ്.

13. വരുമാന മേഖലയിൽ കേരളത്തിന് വലിയ രീതിയിലുള്ള ആഘാതങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ പകുതിയിൽ നടപ്പിലാക്കിയ ജി.എസ്.ടി നിരക്കുകളിലെ സമീപകാല പരിഷ്കരണം മൂലം, 2026-27 കാലയളവിൽ 8000 കോടി രൂപയുടെ വാർഷിക വരുമാന നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. അമേരിക്ക ചുമത്തിയ ഉഭയകക്ഷി താരിഫ് നടപടികൾ

കേരളത്തിലെ കയറ്റുമതി അധിഷ്ഠിത മേഖലകളായ കടൽ വിഭവങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി, കയർ, റബ്ബർ എന്നിവയെ പ്രതികൂലമായി ബാധിക്കുകയും, ഏകദേശം 2,500 കോടി രൂപയുടെ വാർഷിക നഷ്ടത്തിലേക്ക് നയിക്കുകയും ചെയ്തു. കാര്യങ്ങൾ കൂടുതൽ സമ്മർദ്ദത്തിലാക്കിക്കൊണ്ട്, കടമെടുപ്പ് പരിധിയിലെ നിയന്ത്രണവും ഐ.ജി.എസ്.ടി ക്രമീകരണവും കാരണം ഈ വർഷം മാത്രം സംസ്ഥാനത്തിന് 17,000 കോടി രൂപ നിഷേധിക്കപ്പെട്ടു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അംഗീകൃത ശിപാർശകളിൽ നിന്നുള്ള ജി.എസ്.ഡി.പി മെത്തഡോളജിയിലെ വ്യതിയാനം മൂലം 4,250 കോടി രൂപയുടെ അധിക നഷ്ടവും ഉണ്ടായിട്ടുണ്ട്.

14. ദേശീയപാത പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ചെലവാക്കിയ ഏകദേശം 6,000 കോടി രൂപ ഉൾപ്പെടെ ദേശീയ അടിസ്ഥാന സൗകര്യ വികസന ചെലവുകളിൽ ആനുപാതികമല്ലാത്ത ഒരു വിഹിതം കേരളം വഹിച്ചിട്ടുള്ളതും ആയത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയാണ് ക്രമീകരിച്ചിരിക്കുന്നത്. ദേശീയ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾക്കായി ചെലവഴിക്കുന്ന അത്തരം ചെലവുകൾ, അധിക മൂലധന ചെലവായി കണക്കാക്കണമെന്നും സംസ്ഥാനത്തിന്റെ മൊത്തം കടമെടുപ്പ് പരിധിക്ക് പുറത്ത് നിർത്തണമെന്നും എന്റെ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

15. ഈ സാമ്പത്തിക ഞെരുക്കം ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമപദ്ധതികൾ, കൃഷി, തൊഴിൽ എന്നിവയ്ക്കായുള്ള ചെലവുകളിൽ സമ്മർദ്ദം ചെലുത്തുന്നതിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗ ങ്ങളെയും ബാധിക്കുന്നു. അധികാരങ്ങളുടെ അമിത മായ കേന്ദ്രീകരണത്തെക്കുറിച്ചും സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള വിഷയങ്ങളിൽ യൂണിയന്റെ ഇടപെടൽ വർദ്ധിക്കുന്നതിനെക്കുറിച്ചും കേരളം ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭ കൾ പാസാക്കിയ ബില്ലുകൾ ദീർഘകാലമായി കെട്ടിക്കിടക്കുകയാണ്. ഈ വിഷയങ്ങളിൽ എന്റെ സർക്കാർ സുപ്രീം കോടതിയെ സമീപിക്കുകയും അവ ഒരു ഭരണഘടനാ ബെഞ്ചിന് റഫർ ചെയ്തിരിക്കുകയുമാണ്.

16. ജനസംഖ്യാ നിയന്ത്രണം ഉൾപ്പെടെയുള്ള സാമൂഹികവും ജനസംഖ്യാപരവുമായ നേട്ടങ്ങൾ കൈവരിച്ചിട്ടും കേരളത്തിനുള്ള നികുതി വിഹിതം പത്താം ധനകാര്യ കമ്മീഷൻ കാലയളവിലെ 3.87 ശതമാനത്തിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 1.92 ശതമാനമായി ക്രമാനുഗതമായി കുറച്ചിട്ടുണ്ട്. നികുതി വിഹിതവും ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളാകുന്നതും, ഔദാര്യമല്ലാത്തതും, ഈ ചുമതല ഏല്പിക്കപ്പെട്ടി ട്ടുള്ള ഭരണഘടനാസ്ഥാപനങ്ങൾക്ക് മേലുള്ള ഏതൊരു സമ്മർദ്ദവും ഫെഡറൽ തത്വങ്ങളെ ദുർബ്ബലപ്പെടുത്തുന്നതുമാണ്.

17. കേരളത്തിന്റെ സാമ്പത്തിക പ്രയാസങ്ങൾ ധൂർത്ത് മൂലമാണെന്ന വാദത്തെ എന്റെ സർക്കാർ അസന്നിഗ്ദ്ധമായി തള്ളിക്കളഞ്ഞിട്ടുണ്ട്. 2025 ഡിസംബറിൽ പുറത്തിറക്കിയ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പ്രകാരം, 2023-24 കാലയളവിലെ കടമെടുപ്പിന്റെ 56.29 ശതമാനവും മൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചത്. 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ വിപണി വായ്പകളുടെ വളർച്ചയിൽ കേരളം സംസ്ഥാനങ്ങൾക്കിടയിൽ 18-ാം സ്ഥാനത്താണെന്നത് കടമെടുപ്പിന്റെ വളർച്ച നിയന്ത്രിതമാണെന്ന് സൂചിപ്പിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ 38 ശതമാനമായി ഉയർന്ന കടവും - ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം, 2024-25 ഓടെ ഏകദേശം 34 ശതമാനമായി കുറഞ്ഞു. സ്വന്തം വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും ചെലവുകൾ യുക്തിസഹമാക്കിയും കേരളം അതിന്റെ സാമ്പത്തികനില ഭദ്രമാക്കുകയും, മൊത്തം വരുമാനത്തിന്റെ ഏകദേശം 75 ശതമാനം സ്വന്തം വരുമാനവും, സ്വന്തം നികുതി വരുമാനം 61 ശതമാനത്തോളവുമാണ്, ഇത് രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന നിരക്കുകളിൽ ഒന്നാണ്.

18. വലിയ തോതിലുള്ള മൂലധന അടിസ്ഥാന സൗകര്യ വികസനത്തിനും, സാമൂഹിക സുരക്ഷാ പെൻഷനുകൾ കൃത്യസമയത്ത് വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുന്നതിനുമായും കിഫ്ബി, പെൻഷൻ കമ്പനി എന്നിവ മുഖാന്തിരം എടുത്ത വായ്പകൾ കടമെടുക്കൽ

പരിധികൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുകയും, അത് അടിസ്ഥാന സൗകര്യ വികസനത്തെയും ക്ഷേമപ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. 2022 മാർച്ച് 31-ാം തീയതിയിലെ കേന്ദ്ര ധനമന്ത്രാലയത്തിന്റെ കത്ത് പ്രകാരം എന്റെ സർക്കാരിന്റെ ഓപ്പൺ മാർക്കറ്റ് കടമെടുപ്പ് പരിധി മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചു. അർഹമായ ഓപ്പൺ മാർക്കറ്റ് കടമെടുപ്പ് പരിധിയിൽ ഇത്തരത്തിൽ മുൻകാല പ്രാബല്യത്തോടെ വരുത്തിയ കുറവ് എന്റെ സർക്കാർ നേരിടുന്ന അങ്ങേയറ്റത്തെ പക്ഷപാതപരമായ നടപടിയാണ്.

19. വരുമാനത്തിലും കടമെടുപ്പിലും നേരിടുന്ന ഈ എല്ലാവിധ നിയന്ത്രണങ്ങൾക്കിടയിലും ക്ഷേമനടപടികൾ, അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക പ്രോത്സാഹനം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയിൽ കേരളം നിക്ഷേപം തുടർന്നുകൊണ്ടിരിക്കുന്നു. മൂലധന നിക്ഷേപം തുടരുമ്പോൾ തന്നെ, എന്റെ സർക്കാർ ക്ഷേമ ആനുകൂല്യങ്ങൾ വിപുലീകരിക്കുകയും സ്ത്രീകൾക്ക് വരുമാനം ഉറപ്പ് നൽകുന്ന പദ്ധതികൾ നടപ്പിലാക്കുകയും യുവാക്കൾക്കായി തൊഴിലധിഷ്ഠിത-സംരംഭങ്ങൾ ആരംഭിക്കുകയും ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ, ഡി.ആർ കുടിശ്ശികകൾ അനുവദിക്കുകയും ചെയ്തു. ദേശീയപാത ഭൂമി ഏറ്റെടുക്കലിനായി ചെലവഴിച്ച 6,000 കോടി രൂപയ്ക്ക് പകരമായി കടമെടുക്കാൻ അനുമതി നൽകുക,

ഐ.ജി.എസ്.ടി ഇനത്തിൽ തിരിച്ചുപിടിച്ച 965.16 കോടി രൂപ റീഫണ്ട് ചെയ്യുക, ഗ്യാരന്റി നിബന്ധനകളുടെ പേരിൽ വെട്ടിക്കുറച്ച 3,300 കോടി രൂപയുടെ കടമെടുപ്പ് പരിധി പുനഃസ്ഥാപിക്കുക, കടമെടുപ്പ് പരിധികളിലെ കുറവു വരുത്തലുകൾ പുനഃപരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര ധനമന്ത്രിക്ക് നേരിട്ട് നൽകിയ നിവേദനങ്ങൾ ഉൾപ്പെടെയുള്ളവയിലൂടെ എന്റെ സർക്കാർ ഈ കാര്യങ്ങൾ ആവർത്തിച്ച് കേന്ദ്ര സർക്കാരിന്റെ മുൻപാകെ അവതരിപ്പിച്ചിട്ടുണ്ട്.

20. ഈ സംഭവവികാസങ്ങൾ സാമ്പത്തിക ഫെഡറലിസം, ജനാധിപത്യ പ്രവർത്തനം, യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ഭരണഘടനാപരമായ സന്തുലിതാവസ്ഥ എന്നിവയെ സംബന്ധിച്ച് മൗലികമായ ആശങ്കകൾ ഉയർത്തുന്നു. എന്റെ സർക്കാർ, നിയമപരമായ നടപടികൾ ഉൾപ്പെടെയുള്ള ഭരണഘടനാപരമായ എല്ലാ മാർഗ്ഗങ്ങളും പിന്തുടർന്നിട്ടുള്ളതും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയും വികസന പാതയും ജനങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായിട്ടുള്ളതുമാണ്.

21. തുടർച്ചയായ സാമ്പത്തിക പരിമിതികൾക്കിടയിലും, അച്ചടക്കമുള്ള ഭരണത്തിനും ഉൽപ്പാദനക്ഷമമായ പൊതു നിക്ഷേപത്തിനും സാമ്പത്തിക ചടുലതയോടൊപ്പം മുന്നോട്ട് പോകാനാകുമെന്ന് കേരളം തെളിയിച്ചിട്ടുണ്ട്. സ്വന്തം വരുമാന അടിത്തറ

ശക്തിപ്പെടുത്തിക്കൊണ്ടും മാനവിക വികസനത്തിന് മുൻഗണന നൽകിയും സാമ്പത്തിക സമ്മർദ്ദം സംസ്ഥാനത്തെ നിശ്ചലമാക്കിയിട്ടില്ലെന്ന് ഉറപ്പു വരുത്തുകയും മറിച്ച്, അതിജീവനത്തിലും എല്ലാവരെയും ഉൾക്കൊള്ളലിലും ഭാവിയിലേക്ക് ഉറ്റുനോക്കുന്നതുമായ ഒരു വികസന ഘട്ടത്തിന് ഇത് അടിത്തറ പാകിയിട്ടുണ്ട്.

22. എന്റെ സർക്കാർ ഏകദേശം 12 ശതമാനം എന്ന വാർഷിക വളർച്ചയോടെ, കഴിഞ്ഞ ദശകത്തിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഉൽപാദനത്തിന്റെ ഇരട്ടിയിലേറെ നേടിക്കൊണ്ട്, കേരളത്തിന്റെ സമ്പദ്ഘടന ത്വരിതവും വിശാലാടിസ്ഥാനത്തിലുമുള്ള വളർച്ചാ ഘട്ടത്തിലേക്ക് പ്രവേശിച്ചിട്ടുണ്ട്. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം 2015-16-ലെ 5.26ലക്ഷം കോടി രൂപയിൽ നിന്ന് 2024-25-ൽ 12.49ലക്ഷം കോടി രൂപയായി വർദ്ധിച്ചതിലൂടെ പ്രതിശീർഷ വരുമാനം, 2016-ലെ 1,66,246 രൂപയിൽ നിന്നും 2024-ൽ 3,08,338 രൂപയായി ഉയർന്ന്, ഏകദേശം ഇരട്ടിയായിട്ടുള്ളതുമാണ്. ഈ ശക്തമായ വികസന പന്ഥാവ് കേരളത്തിന്റെ അടുത്ത ഘട്ട വികസനത്തിന് ഇപ്പോൾ അടിത്തറ പാകുന്നു.

23. ഈ പരിവർത്തനം പരസ്പര പൂരകങ്ങളായ മൂന്നു ശിലകളിൽ ഉറപ്പിച്ചിരിക്കുന്നു. അവ കൃത്യമായി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സംസ്ഥാന വ്യാപകമായ നാഗരിക പ്രദേശമായും ലോകത്തിലെ "ഏറ്റവും വലിയ നഗരമായും" കേരളത്തെ സംയോജിപ്പിക്കപ്പെടുന്ന

അടിസ്ഥാന സൗകര്യത്താൽ നയിക്കപ്പെടുന്ന വികസനം; മൂല്യബോധം, മത്സരക്ഷമത എന്നിവ വർദ്ധിപ്പിക്കുന്ന നവീകരണത്താൽ നയിക്കപ്പെടുന്ന വ്യാവസായികവൽക്കരണം; വൈദഗ്ധ്യത്തിലും സംരംഭകത്വത്തിലും വേരൂന്നിയതും വിദേശ സഹകരണത്തിലൂടെ ആഗോളതലത്തിൽ ബന്ധിക്കപ്പെട്ടതുമായ ഒരു ലോകോത്തര ഉന്നത വിദ്യാഭ്യാസ സമ്പ്രദായം എന്നിവയാണ് അവ.

24. വിഴിഞ്ഞം തുറമുഖം, തുറമുഖാധിഷ്ഠിതവും ലോജിസ്റ്റിക് നിയന്ത്രിതവുമായ വ്യവസായവൽക്കരണത്തിലൂടെ ഉയർന്ന മൂല്യമുള്ള തുറമുഖ വ്യവസായ മേഖലകളുടെ വികസനം സാധ്യമാക്കുകയും കയറ്റുമതി അധിഷ്ഠിതവും മൂല്യ വർദ്ധിതവുമായ കൃഷിയും അനുബന്ധമേഖലകളും വഴി ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന പ്രേരകശക്തിയായി നിലകൊള്ളുകയും ചെയ്യുന്നു.

25. കൂടാതെ, ഒരു പുതിയ "സിൽവർ ഇക്കോണമി" കെട്ടിപ്പടുക്കുന്നതിലൂടെ ജനസംഖ്യാപരമായ മാറ്റത്തെ ഒരു സവിശേഷ അവസരമാക്കി മാറ്റുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു. കേരളത്തെ അനുഗ്രഹീത വാർദ്ധക്യകാലത്തിനുള്ള ആഗോള ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിലൂടെ എന്റെ സർക്കാർ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉന്നതനിലവാരമുള്ള ഇക്കോ-ടൂറിസം പ്രോത്സാഹിപ്പിക്കുകയും സാമൂഹ്യ സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. എന്റെ സർക്കാർ, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക്

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട്, താഴെത്തട്ടിൽ സംരംഭകത്വവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്നത് തുടരും.

26. ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത കേരളം എന്ന എന്റെ സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരണത്തോട് അടുക്കുകയാണ്. ഈ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ, എന്റെ സർക്കാർ 4,10,958 ഉടമസ്ഥാവകാശ പത്രങ്ങൾ (പട്ടയങ്ങൾ) കൈമാറ്റം ചെയ്തിട്ടുണ്ട്. ഇതു വഴി, ഒരു കേരള മോഡൽ കൂടി ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

27. കേരളം കഴിഞ്ഞ പത്ത് വർഷത്തിൽ ഫലപ്രദമായ പോലീസിംഗിലൂടെയും ശക്തമായ സംവിധാനങ്ങളിലൂടെയും സവിശേഷമായ ക്രമസമാധാനം പരിപാലിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സാമൂഹിക ധ്രുവീകരണം നിലനിൽക്കുന്ന ഒരു ദേശീയ സാഹചര്യത്തിൽ, ദീർഘകാല പാരമ്പര്യമുള്ള സമാധാനപരമായ സഹവർതിത്വത്തിന്റെയും വൈവിധ്യത്തോടുള്ള ആദരവിന്റെയും ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും ഏറ്റവും മികച്ച സംസ്ഥാനമായി കേരളം വേറിട്ടു നിൽക്കുന്നു.

28. കഴിഞ്ഞ പത്ത് വർഷങ്ങളിൽ എന്റെ സർക്കാർ സംസ്ഥാനത്ത് ഉടനീളം യാതൊരുവിധ പവർകട്ടുമില്ലാത്ത തടസ്സരഹിത വൈദ്യുത വിതരണം ഉറപ്പാക്കിയിട്ടുള്ളതാണ്. രാജ്യത്ത് വൈദ്യുത വാഹനങ്ങൾ സ്വന്തമാക്കുന്നതിൽ ഏറ്റവും ഉയർന്ന വളർച്ചയും കേരളം കൈവരിച്ചിട്ടുണ്ട്. സുസ്ഥിരതയി

ലേക്കുള്ള വ്യക്തമായ പ്രതിബദ്ധതയോടെ, പ്രാദേശിക സ്വയംഭരണ സർക്കാരുകളുടെ തലത്തിൽ ഇപ്പോൾ പ്രാവർത്തികമായിട്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളുടെ പിന്തുണയോടെ, സംസ്ഥാനം ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാകുന്നതിനുള്ള പാതയിലാണ്.

29. ഈ അഭിസംബോധന നവകേരളത്തിലേയ്ക്കുള്ള എന്റെ സർക്കാരിന്റെ വികസന പാതയുടെ രൂപരേഖ നൽകുന്നു. ഇടത്തര-വരുമാന വികസിത സമ്പദ് വ്യവസ്ഥകളുമായി താരതമ്യപ്പെടുത്താവുന്ന നിലവാര ങ്ങളിലേക്ക് കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് നവകേരളത്തിന്റെ കാഴ്ചപ്പാട്. ഈ സഭയ്ക്ക് മുന്നിൽ അവതരിപ്പിച്ച മേഖലാതല നയങ്ങളും പരിപാടികളും സന്തുലിത വികസനം, സാമൂഹിക നീതി, ദീർഘകാല അതിജീവനം എന്നിവയോടുള്ള എന്റെ സർക്കാരിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

## I. കൃഷിയും അനുബന്ധ മേഖലകളും

30. കാലാവസ്ഥാവ്യതിയാന പ്രതിരോധ പ്രവർത്തന ങ്ങളിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷിക വരുമാനം ഇരട്ടിയാക്കുവാനും ലക്ഷ്യമിടുന്ന "ആധുനികവും സുസ്ഥിരവും സ്വയംപര്യാപ്തവുമായ കാർഷിക കേരളം 2031" എന്ന അതിന്റെ കാഴ്ചപ്പാടിൽ എന്റെ സർക്കാർ ഉറച്ചുനിൽക്കുന്നു. ഈ പരിവർത്തന ത്തിന്റെ കേന്ദ്രബിന്ദുവായിട്ടുള്ളതും ലോകബാങ്കിന്റെ സഹായത്തോടെയുള്ളതുമായ 285 മില്യൺ USD

കേര പദ്ധതി, കാർഷിക മൂല്യശൃംഖലകൾ വികസിപ്പിക്കുകയും തോട്ടവിള പുനർകൃഷിയെ പിന്തുണയ്ക്കുകയും തേങ്ങ, തേൻ, പച്ചക്കറികൾ എന്നിവയ്ക്കായി പ്രത്യേക അഗ്രോ-പാർക്കുകൾ വികസിപ്പിക്കുകയും ചെയ്യുന്നു. കാർഷിക വിപണനവും കയറ്റുമതിയും ശക്തിപ്പെടുത്തുന്നതിനായി ആധുനിക വിപണന അടിസ്ഥാന സൗകര്യവും അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും സൃഷ്ടിക്കുന്നതിനുള്ള ഉന്നത സ്ഥാപനമായി CIAL മോഡലിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പരിവർത്തനം കാലാവസ്ഥാ വ്യതിയാനം, മണ്ണ് ശോഷണം, മാറിവരുന്ന ദേശീയ നയചട്ടക്കൂടുകൾ എന്നിവയുടെ സമ്മർദ്ദങ്ങളോട് നേരിട്ട് പ്രതികരിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരത്തിന്റെ ഗൗരവമായ പ്രശ്നം പരിഹരിക്കുന്നതിന് എന്റെ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

31. അതോടൊപ്പംതന്നെ എന്റെ സർക്കാർ 23,000-ൽ അധികം കൃഷിക്കൂട്ടങ്ങളെ അണിനിരത്തി ഈ മേഖലയെ താഴെത്തട്ടിൽ ശക്തിപ്പെടുത്തുകയും 2026-ഓടെ 250 കർഷക ഉൽപാദക സംഘടനകൾ എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. "ഒരു കൃഷിഭവൻ - ഒരു മൂല്യ വർദ്ധിത ഉൽപ്പന്നം" എന്ന സംരംഭത്തിലൂടെ 1000 ഉൽപന്നങ്ങൾ ഇതിനകം തന്നെ "കേരളഗ്രോ" എന്ന പൊതു ബ്രാൻഡിൻ കീഴിൽ കൊണ്ടുവന്നതിലൂടെ വിപണന പ്രാപ്യത

ഗണ്യമായി വർദ്ധിപ്പിക്കുകയും ഉൽപാദകരുടെ വില സാക്ഷാത്കരണം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്ത 12.5 ലക്ഷം കർഷകർക്കായി നിർമ്മിത ബുദ്ധിയും റിമോർട്ട് സെൻസിംഗും സംയോജിപ്പിക്കുന്ന KATHIR പ്ലാറ്റ്ഫോമിലൂടെയുള്ള ശക്തമായ ഡിജിറ്റൽ ബാക്ക് ബോൺ ആണ് ഈ ഭൗതിക പുരോഗതിയെ പിന്തുണയ്ക്കുന്നത്, ഇത് കേരളത്തിന്റെ കൃഷി സാങ്കേതികമായി പുരോഗമിച്ചതും കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാൻ കഴിവുള്ളതു മാണെന്ന് ഉറപ്പാക്കുന്നു.

32. നെൽ കർഷകരെ സംരക്ഷിക്കുന്നതിനുള്ള ഒരു പ്രധാന പരിഷ്കരണത്തിൽ, ഒരു വിദഗ്ധ സമിതി വഴി നിലവിലുള്ള സംഭരണ സംവിധാനം കൃഷി വകുപ്പ് പരിശോധിക്കുകയും കാലതാമസവും നടപടിക്രമ ങ്ങളിലെ വിടവുകളും പരിഹരിക്കുന്നതിന് സമഗ്രമായ നടപടികൾ രൂപപ്പെടുത്തുകയും ചെയ്തു. ഈ ശിപാർശകളുടെ അടിസ്ഥാനത്തിൽ, എന്റെ സർക്കാർ 2026-27 കാലയളവിൽ നെല്ല് സംഭരണ പരിഷ്കരണങ്ങൾ നടപ്പിലാക്കുകയും കേരള സർക്കാർ പ്രഖ്യാപിച്ച നെല്ലിനുള്ള രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര നിരക്കുകളിൽ ഒന്നായ ഒരു കിലോയ്ക്ക് 30 രൂപ എന്ന വർദ്ധിപ്പിച്ച നിരക്കിൽ സംഭരണം നടത്തി ഒരാഴ്ചയ്ക്കുള്ളിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

33. 2026-നെ "അന്താരാഷ്ട്ര വനിത കർഷക വർഷം" ആയി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ

സ്മരണാർത്ഥം, സംസ്ഥാനത്ത് ഉടനീളമുള്ള വനിത കർഷകരെ പിന്തുണയ്ക്കുന്നതിനായി എന്റെ സർക്കാർ പ്രത്യേകമായ ഒരു 'വനിത കാർഷിക' പദ്ധതി ആരംഭിക്കുന്നതാണ്. കർഷകരുടെ നേട്ടത്തിനായി, കേരള കാർഷിക സർവ്വകലാശാലയുടെയും അന്താരാഷ്ട്ര വിജ്ഞാന പങ്കാളികളുടെയും സഹകരണ ത്തോടെ, കാർബൺ ക്രെഡിറ്റുകളുടെ മൂല്യനിർണ്ണയ ത്തിനുള്ള പര്യവേഷണ ശ്രമങ്ങളും ആരംഭിക്കുന്ന താണ്. സമാന്തരമായി, കേരളത്തിലെ ഏറ്റവും ദുർബല പ്രദേശങ്ങളിലൊന്നിൽ കാലാവസ്ഥാ പ്രതിരോധം, ഉപജീവനമാർഗ്ഗം, സുസ്ഥിര കൃഷി എന്നിവ ശക്തിപ്പെടുത്തുന്നതിനായി 2,400 കോടി രൂപ കണക്കാക്കിയ കുട്ടനാട് വികസന പദ്ധതി ഘട്ടം-II നടപ്പിലാക്കുന്നതാണ്. കർഷകർക്ക് സാമൂഹിക സുരക്ഷയും ക്ഷേമ പിന്തുണയും നൽകുന്നതിന് മതിയായ സാമ്പത്തിക വ്യവസ്ഥകളോടെ കേരള കർഷക ക്ഷേമനിധി ബോർഡ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതാണ്.

34. എന്റെ സർക്കാർ സാങ്കേതിക മുന്നേറ്റങ്ങളെ കാർഷിക വളർച്ചയുമായി സംയോജിപ്പിച്ചുകൊണ്ട് സുസ്ഥിരവും സമഗ്രവുമായ വികസനം കൈവരിക്കുവാൻ പ്രതിജ്ഞാ ബദ്ധമാണ്. വളർന്നു വരുന്ന സാങ്കേതിക വിദ്യകളായ നിർമ്മിത ബുദ്ധിയും ഇന്റർനെറ്റ് ഓഫ് തിംഗ്സും കാർഷിക രംഗത്തെ ശക്തിപ്പെടുത്തുവാൻ ഉപയോഗിച്ചു വരുന്നു. മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി എന്റെ സർക്കാർ പ്രകൃതി

ദത്തവും ജൈവീകവുമായ കൃഷിരീതികൾ പ്രോത്സാഹി പ്പിക്കുന്നു. കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പു വരുത്തുന്നതിനും വിപണി ലഭ്യത ഉയർത്തുന്നതിനും വേണ്ടി ജിഐ-ടാഗ് ചെയ്ത കാർഷിക ഉൽപന്നങ്ങൾക്ക് മൂല്യ വർദ്ധനവ് നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയെ ഉപയുക്തമാക്കുന്നതിലേക്കായി തരിശുഭൂമി കൃഷിക്കുള്ള നവോത്ഥാൻ പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷിയിൽ ഡ്രോണുകളുടെ ഉപയോഗം ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ അനുയോജ്യകൃഷിക്കും വിള നിരീക്ഷണ ത്തിനും വേണ്ടി സ്വീകരിച്ചുവരുന്നു.

35. കർഷകർക്ക് ഉയർന്ന ഗുണനിലവാരമുള്ള കന്നുകാലി കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിലേക്കായി 'കിടാരി പാർക്ക്' പദ്ധതി വിപുലീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ക്ഷീരോൽപാദന ചെലവ് കുറയ്ക്കുന്നതി ലേക്കായി വാണിജ്യ തീറ്റപ്പുൽകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. കൂടാതെ, ക്ഷീരോൽപാദന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തിയും ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT) സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തിയും ക്ഷീര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

36. മൊബൈൽ വെറ്ററിനറി യൂണിറ്റുകളെ അത്യാഹിത രാത്രികാല വെറ്ററിനറി സേവനവുമായി സംയോജിപ്പിച്ച് വെറ്ററിനറി സേവനങ്ങൾ മെച്ചപ്പെടുത്തും.

അതോടൊപ്പം, "ഗോ സമൃദ്ധി" ഇൻഷ്വറൻസ് പദ്ധതി തുടങ്ങുന്നതും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എലിഫന്റ് സ്ക്വാഡിനെ നവീകരിക്കുന്നതുമാണ്.

37. കേരളം ഇന്ത്യയിലെ ഏറ്റവും മികച്ച സമുദ്ര സംസ്ഥാനമായും കൊല്ലം ജില്ല ഏറ്റവും മികച്ച സമുദ്ര ജില്ലയായും ഔദ്യോഗികമായി തിരഞ്ഞെടുത്തത് അറിയിക്കുന്നതിൽ എന്റെ സർക്കാരിന് അതിയായ അഭിമാനമുണ്ട്.

38. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനവും ക്ഷേമവും ഒരു മുഖ്യ ഉത്തരവാദിത്തമായി എന്റെ സർക്കാർ കാണുന്നു. ഇതിലേക്കായി, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം എന്നത് ഉയർന്ന മുൻഗണനയായി തുടരുന്നതും നമ്മുടെ കുട്ടികളുടെ ഭാവിയ്ക്കുവേണ്ടി വിദ്യാഭ്യാസത്തിനുള്ള പിന്തുണ അടിസ്ഥാനമായി നിലകൊള്ളുന്നതുമാണ്. കൂടാതെ, തീരദേശ ഉപജീവനവും ടൂറിസവും വൈവിധ്യവൽക്കരിക്കുന്നതിന് നാം സെയിലിംഗ് സ്കൂളുകളും സർഫിംഗ് സ്കൂളുകളും ആരംഭിക്കുന്നതാണ്. വേലിയേറ്റ രേഖയിൽ 50 മീറ്ററിനുള്ളിൽ താമസി ക്കുന്ന കുടുംബങ്ങളെ സുരക്ഷിതമായ സ്ഥലങ്ങളി ലാക്കുന്ന "പുനർഗേഹം പദ്ധതി" മുൻഗണനയിൽ തന്നെയാണ്. എന്റെ സർക്കാർ, പദ്ധതിയിൻ കീഴിൽ 3,498 കുടുംബങ്ങളെ ഇതിനകംതന്നെ മാറ്റി പാർപ്പിച്ചിട്ടുള്ളതും 788 ഫ്ലാറ്റുകളുടെയും 1,186 വീടുകളുടെയും നിർമ്മാണം നടന്നുവരികയുമാണ്.

ഇതിനുപുറമേ, എന്റെ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് വേണ്ടി 16,798 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

39. ശാക്തീകരണത്തിലും ഉൽപാദനത്തിലും നാം ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി 2024-25-ൽ മത്സ്യോത്പാദനം ഒൻപത് വർഷത്തെ ഏറ്റവും ഉയർന്ന നിലയായ 9.28 ലക്ഷം മെട്രിക് ടണ്ണിലെത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി 41,175 ടൺ സംഭാവനയിലൂടെ ശക്തമായ വളർച്ച കാണിക്കുന്നു. സമുദ്രഭക്ഷ്യവിഭവങ്ങളുടെ കയറ്റുമതി ഗണ്യമായി വർദ്ധിപ്പിക്കുന്നതിലേക്കായി, നാം 3,000 ഹെക്ടർ വനാമി കൾച്ചറിനു കീഴിൽ കൊണ്ടുവന്ന് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതും മാരികൾച്ചർ പ്രവൃത്തികളായ കടൽ മത്സ്യക്കൂട് കൃഷിയും കടൽപ്പായൽ കൃഷിയും ശക്തിപ്പെടുത്തുന്നതുമാണ്. കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ വിജയത്തെ തുടർന്ന് നാം ബ്ലൂ ഇക്കോണമിയിൽ ഗണ്യമായ സഹകരണത്തിലേക്ക് മുന്നേറുകയാണ്. ഈ വികസനത്തെ പിന്തുണയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിലേക്കുമായി നിലവിലുള്ള 67 മത്സ്യഭവനുകൾക്ക് പുറമേ 33 പുതിയ മത്സ്യഭവനുകൾ കൂടി സ്ഥാപിക്കുന്നതാണ്.

40. പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി, കാസർകോഡ് എന്നിവിടങ്ങളിലെ മേജർ മത്സ്യബന്ധന തുറമുഖങ്ങൾ 2026-ൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതും പൊഴിയൂരിൽ പ്രാഥമിക

പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും അർത്തുങ്കൽ തുറമുഖം 2027-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. അന്താരാഷ്ട്ര തുറമുഖ പദ്ധതിയോട് ചേർന്നുകിടക്കുന്ന വിഴിഞ്ഞം മത്സ്യബന്ധന തുറമുഖപുലിമുട്ടിന്റെ വിപുലീകരണം തയ്യാറാക്കിയിട്ടുള്ളതും വിപുലമായ കൺസൾട്ടൻസിയുടെ ഭാഗമായി മാഹി മത്സ്യബന്ധന തുറമുഖത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് പുതുച്ചേരി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. മദ്രാസ് ഐഐറ്റിയുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചിട്ടുള്ള സംസ്ഥാനത്തെ ആദ്യത്തെ ഫ്ലോട്ടിംഗ് ജെട്ടികളും സംസ്ഥാന അനുമതിയുള്ള മഞ്ചേശ്വരത്തെ ഒരു ഫ്ലോട്ടിംഗ് കോൺക്രീറ്റ് ജെട്ടിയും ഉൾപ്പെട്ടിട്ടുള്ള നൂതനമായ അടിസ്ഥാന സൗകര്യങ്ങൾ എന്റെ സർക്കാർ ആവിഷ്കരിക്കുന്നു.

## II. മാനവിക വികസന മേഖല

41. എന്റെ സർക്കാർ, സ്കൂൾ വിദ്യാഭ്യാസത്തിൽ ഗുണനിലവാരവും ധാർമ്മികനീതിയും ഉൾക്കൊള്ളലും ഉറപ്പുവരുത്തിക്കൊണ്ട് ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കി പരിവർത്തനം ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ, നമ്മുടെ സംവിധാനത്തെ ആഗോളനിലവാരങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിന് "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി" ആരംഭിച്ചിട്ടുള്ളതും, അത് ക്ലാസ് റൂം രീതികൾ മെച്ചപ്പെടുത്തുന്നതിനും അസസ്സ്മെന്റ് സംവിധാനങ്ങൾ നവീകരിക്കുന്നതിനും പാഠ്യ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള

പിന്തുണ നൽകുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള താണ്. കൂടാതെ, എന്റെ സർക്കാർ, സാമൂഹിക പങ്കാളിത്തത്തിലൂടെയും കൗൺസിലിംഗിലൂടെയും സുരക്ഷിതവും ആരോഗ്യപരവുമായ പഠനാന്തരീക്ഷം വളർത്തുന്നതിനുവേണ്ടിയുള്ള ശക്തമായ സ്കൂൾ അധിഷ്ഠിത മയക്കുമരുന്ന് വിരുദ്ധ പ്രചാരണ ങ്ങളോടൊപ്പം അതിഥി തൊഴിലാളികളുടെ കുട്ടികളുടെ ഭാഷാപരവും സാമൂഹികവും സാസ്കാരികവുമായ പരിമിതികളെ തരണം ചെയ്യുന്നതിനുള്ള പ്രത്യേക അക്കാദമിക ഇടപെടലുകളും നടപ്പിലാക്കി വരുന്നു.

42. ബഹുസ്വരമായതും, വിജ്ഞാനാധിഷ്ഠിതവും നൂതനാ ശയത്താൽ നയിക്കപ്പെടുന്നതുമായ ഒരു സമൂഹത്തി ലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിൽ ഉന്നത വിദ്യാഭ്യാസം ഒരു നെടുംതൂണായി തന്നെ തുടരുന്നു. എന്റെ സർക്കാർ, ഉന്നത വിദ്യാഭ്യാസത്തെ ഒരു മുൻഗണനാ മേഖലയായി കണക്കാക്കുകയും ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതി ലേക്ക് നാം മുന്നേറിക്കൊണ്ടിരിക്കുമ്പോൾ മാതൃകാപര മായ ഒരു മാറ്റം സൃഷ്ടിക്കാൻ ശ്രമിക്കുകയും ലഭ്യത വർദ്ധിപ്പിക്കുന്നതിലും ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിലും ഗവേഷണം ശക്തിപ്പെടുത്തുന്നതിലും സാമൂഹികവും സാമ്പത്തികവുമായ ആവശ്യങ്ങളുമായി വിദ്യാഭ്യാസത്തെ സമന്വയിപ്പിക്കുന്നതിലും ശ്രദ്ധേയ മായ പുരോഗതി കൈവരിക്കുന്നതിന് കേരളത്തെ നയിക്കുകയും ചെയ്തിട്ടുണ്ട്. 41- ൽ അധികം ഗ്രോസ് എൻറോൾമെന്റ് റേഷ്യോയോടെയും ശക്തമായ ലിംഗ സമത്വ സൂചികയോടെയും ഉന്നത വിദ്യാഭ്യാസ

മേഖലയിൽ കേരളം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. മുൻവർഷങ്ങളിൽ എന്റെ സർക്കാർ അക്കാദമിക പരിഷ്കരണങ്ങൾ, അടിസ്ഥാനസൗകര്യ വികസനം, ഡിജിറ്റൽ പരിവർത്തനം, ഗവേഷണത്തിലും നവീകരണത്തിലും കേന്ദ്രീകരിച്ചുകൊണ്ടുള്ള നിക്ഷേപങ്ങൾ എന്നിവയിലൂടെ അതിന്റെ ഉന്നത വിദ്യാഭ്യാസ അന്തരീക്ഷത്തെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

43. ബഹുമുഖ വിഷയാധിഷ്ഠിത പഠനം, അക്കാദമിക വഴക്കം, നൈപുണ്യ സംയോജനം, ക്രെഡിറ്റ് മൊബിലിറ്റി എന്നിവ സാധ്യമാക്കിയ നാല് വർഷ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമിന്റെ വിജയകരമായ നടപ്പിലാക്കൽ ഒരു പ്രധാന നാഴികക്കല്ലാണ്. പരീക്ഷാ പരിഷ്കരണങ്ങൾ, ഏകീകൃത അക്കാദമിക കലണ്ടറുകൾ, ഡിജിറ്റൽ മൂല്യനിർണ്ണയ സംവിധാനങ്ങൾ, പഠന മാനേജ്മെന്റ് പ്ലാറ്റ്ഫോമുകൾ എന്നിവ സ്ഥാപനങ്ങളിലുടനീളം സുതാര്യതയും അക്കാദമിക കാര്യക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്. സമഗ്ര ERP പ്ലാറ്റ്ഫോം ആയ K-REAP, സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക നടത്തിപ്പും വിദ്യാർത്ഥി ഡാറ്റാ മാനേജ്മെന്റും സേവന വിതരണവും ആധുനികവൽക്കരിച്ചിട്ടുണ്ട്. എന്റെ സർക്കാർ RUSA, PM-USHA എന്നിവയ്ക്ക് കീഴിൽ, ബഹുവിഷയാധിഷ്ഠിത സർവ്വകലാശാലകൾ, കോളേജുകൾ, ജെൻഡർ ഇൻക്ലൂഷൻ സംരംഭങ്ങൾ എന്നിവയ്ക്കുവേണ്ടി ഗണ്യമായ ഗ്രാന്റുകൾ ഉറപ്പാക്കി ശ്രദ്ധേയമായ വിജയം കൈവരിച്ചുകഴിഞ്ഞു.

കേരളത്തിലെ സർവ്വകലാശാലകൾ, NAAC അക്രഡിറ്റേഷനിലും NIRF റാങ്കിംഗുകളിലും ഗവേഷണ ഫലങ്ങളിലും പേറ്റന്റ് ജനറേഷനിലും ശ്രദ്ധേയമായ പുരോഗതികൾ കൈവരിച്ചിട്ടുണ്ട്. നിരവധി സ്ഥാപനങ്ങൾ ഗവേഷണത്തിനും നവീകരണത്തിനും സംരംഭകത്വത്തിനും സംഭാവന നൽകിക്കൊണ്ട് അവരുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റ ത്തെയും ഇൻക്യുബേഷൻ കേന്ദ്രങ്ങളെയും വ്യവസായ പങ്കാളിത്തങ്ങളെയും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഉയർന്നു വരുന്ന സാങ്കേതികവും വ്യാവസായികവുമായ ആവശ്യ ങ്ങളെ നേരിടാൻ, പുതിയ സർക്കാർ കോളേജുകളും സാങ്കേതിക സ്ഥാപനങ്ങളും സ്ഥാപിക്കുകയും കൂടുതൽ സീറ്റുകൾ അനുവദിക്കുകയും പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

44. എന്റെ സർക്കാർ, പൊതുജനാരോഗ്യ സംവിധാന ങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. കർശനമായ നിയന്ത്രണവും ലഘൂകരണ ഇടപെടലും ഉറപ്പു വരുത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും പകർച്ചവ്യാധി മുന്നൊരുക്ക പദ്ധതികൾ വികസിപ്പിക്കുന്നതാണ്. ആരോഗ്യ ജാഗ്രത കലണ്ടറിന്റെ സഹായത്തോടെ ജനകീയാ രോഗ്യ കേന്ദ്രം മുഖേന രോഗനിയന്ത്രണം നടപ്പിലാക്കി വരുന്നു. ആരോഗ്യപരമായ ജീവിതശൈലിക്കായി ശീലങ്ങളിൽ മാറ്റം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരളം 2026 ജനുവരി 1 ന് ഒരു വെൽനസ്സ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

45. 2024-ൽ 138 തദ്ദേശസ്ഥാപനങ്ങൾ ക്ഷയരോഗ വിമുക്ത പദവി കൈവരിച്ചതോടെ കേരളം രോഗനിർമ്മാർജ്ജനത്തിൽ മുൻനിരയിൽതന്നെ തുടരുന്നു. എന്റെ സർക്കാർ, കേരള ഹെൽത്ത് സിസ്റ്റംസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് വഴി ജീവിതശൈലീരോഗങ്ങൾ, ട്രോമ ആന്റ് എമർജൻസി കെയർ, വയോജന പരിചരണം എന്നിവയ്ക്കു വേണ്ടിയുള്ള ശ്രദ്ധയും പിന്തുണയും മെച്ചപ്പെടുത്തുന്നു. ഈ പ്രോജക്റ്റ്, കാലാവസ്ഥയെ പ്രതിരോധിക്കുന്ന ആരോഗ്യ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതും ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതുമാണ്. 125 ആശുപത്രികളിൽ ഡയാലിസിസ് സംവിധാനത്തിലൂടെയും 13 ജില്ലകളിൽ കാത്ത് ലാബുകളിലൂടെയും തീവ്രപരിചരണത്തിനുള്ള ലഭ്യത വിപുലീകരിച്ചിട്ടുള്ളതും ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ശേഷിക്കുന്ന ഒരു ജില്ലയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതുമാണ്.

46. സമ്പൂർണ്ണ മാനസിക ആരോഗ്യം പരിപാടിയിലൂടെ പ്രാഥമിക പരിചരണതലത്തിൽ ചികിത്സ ഉറപ്പാക്കി, കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് കവറേജ് വ്യാപിപ്പിച്ചുകൊണ്ട് മാനസിക ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. അപ്ഗ്രേഡ് ചെയ്ത ലബോറട്ടറികളിലൂടെയും ഗുണനിലവാര അക്രഡിറ്റേഷനിലൂടെയും രോഗനിർണ്ണയശേഷി ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നവ കേരളം കർമ്മ പദ്ധതിയുടെ ഭാഗമായി, OPD പരിവർത്തനം, പ്രാഥമിക ആരോഗ്യ

കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും ഉയർത്തൽ, LaQshya ലേബർ റൂം നിലവാരങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ നടന്നുവരുന്നു. KIIFB-ഉം NABARD-ഉം മുഖേന അടിസ്ഥാനസൗകര്യ വികസനത്തിന് സഹായം നൽകിവരുന്നതും ആർദ്രം മിഷന് കീഴിൽ മാനവ വിഭവശേഷികൾ ശക്തിപ്പെടുത്തിവരുന്നതും ആരോഗ്യ സ്ഥാപനങ്ങളിലുടനീളം ഇ-ഓഫീസ് സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിലൂടെ ഡിജിറ്റൽ ഗവേർണൻസ് ഏകീകരിക്കപ്പെടുകയും അത് സേവന വിതരണത്തിലെ കാര്യക്ഷമതയും സുതാര്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നതുമാണ്.

47. എന്റെ സർക്കാർ, 700 ഡിസ്പെൻസറികളെ AYUSH ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ആയി അപ്ഗ്രേഡ് ചെയ്തുകൊണ്ട് AYUSH-നെ മുഖ്യധാരയിലേക്ക് ഉയർത്താൻ ലക്ഷ്യമിടുന്നു. എന്റെ സർക്കാർ, 10,000 AYUSH - യോഗ ക്ലബുകളിലൂടെയും E-Sanjeevani മുഖേന ടെലിമെഡിസിൻ വ്യാപിപ്പിക്കുന്നതിലൂടെയും രോഗപ്രതിരോധത്തിലൂടെയുള്ള ആരോഗ്യം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തെളിവധിഷ്ഠിതമായി ആയുർവ്വേദത്തെ ആഗോള ആരോഗ്യനിലവാരവുമായി സംയോജനം നടത്തുന്നതിനും വാർദ്ധക്യം, ക്യാൻസർ എന്നിവയിലുള്ള മെച്ചപ്പെട്ട ഗവേഷണം ആരംഭിക്കുന്നതിനുമായി 2026 ഫെബ്രുവരിയോടുകൂടി കണ്ണൂരിലെ കല്ല്യാട്-ൽ, ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് ആയുർവ്വേദ (IRIA) യുടെ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

48. എന്റെ സർക്കാർ, പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം മെഡിക്കൽ ചെലവുകൾക്കെതിരെയുള്ള സാമ്പത്തിക സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള സാർവ്വത്രിക സൗജന്യ ആരോഗ്യസുരക്ഷ എന്ന ലക്ഷ്യത്തിലേക്ക് ക്രമാനുഗതമായി മുന്നേറിക്കൊണ്ടിരിക്കുന്നു. കാരുണ്യ ആരോഗ്യസുരക്ഷാ സ്കീമിനു കീഴിൽ പ്രതിവർഷം ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സയോടുകൂടി 42 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ഈ സ്കീമിന് കീഴിൽ, സംസ്ഥാനം നാളിതുവരെ 4,541 കോടി രൂപ ചെലവാക്കിയിട്ടുള്ളത്, ആരോഗ്യസുരക്ഷയ്ക്ക് നീതിയുക്തമായ ലഭ്യത നൽകുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധത വെളിവാക്കുന്നതാണ്. അർഹരായ ഒരു കുടുംബവും പരിരക്ഷയ്ക്ക് പുറത്ത് പോയിട്ടില്ല എന്ന് ഉറപ്പാക്കാൻ, KASP ക്ക് കീഴിൽ കവർ ചെയ്യാത്തതും വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപവരെയുള്ളതുമായ ഓരോ കുടുംബത്തിനും കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിലൂടെ 2 ലക്ഷം രൂപവരെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

49. എന്റെ സർക്കാർ, കെയർ വർക്കർമാരുടെ പ്രതിഫലം ഗണ്യമായി ഉയർത്തിയും ആശാ വർക്കർമാരുടെ ഹോണറേറിയം 7,000 രൂപയിൽ നിന്ന് 8,000 രൂപയായി വർദ്ധിപ്പിച്ചും അങ്കണവാടി വർക്കർമാരുടെ വേതനം 14,000 രൂപവരെയും ഹെൽപ്പർമാരുടേത്

10,000 രൂപവരെയും ഉയർത്തിക്കൊണ്ടും തൊഴിലിന്റെ അന്തസ്സിനും മാനവിക വികസനത്തിനുമുള്ള അതിന്റെ പ്രതിബദ്ധത ഊട്ടിയുറപ്പിച്ച് മുൻനിര സേവന വിതരണം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതേസമയം എന്റെ സർക്കാർ, പൊതു സേവന വിതരണത്തിലുള്ള അവരുടെ നിർണ്ണായക പങ്ക് കണക്കിലെടുത്തുകൊണ്ട് ഈ മുൻനിര തൊഴിലാളികളുടെ ഇൻസെന്റീവുകളും വേതനവും വീണ്ടും വർദ്ധിപ്പിക്കാനായി യൂണിയൻ ഗവൺമെന്റിനോട് നിരന്തരം അഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. നടപ്പ് സാമ്പത്തികവർഷത്തിൽ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ (K-CDC) ന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തിയത് ഇന്ത്യയിലെ തന്നെ ജില്ലാ ആശുപത്രികളിൽ ആദ്യത്തേതാണ്. കേരളത്തിലെ ശിശുമരണനിരക്കും (1000 ജനനത്തിന് 5) നവജാത ശിശു മരണ നിരക്കും മാതൃ മരണ നിരക്കും രാജ്യത്തെ ഏറ്റവും കുറവായി തുടരുന്നു എന്ന വസ്തുതയും അത് പല വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താമെന്നതും ആരോഗ്യ, മറ്റു സാമൂഹിക അടിസ്ഥാനസൗകര്യങ്ങളിൽ കൃത്യമായ നിക്ഷേപത്തിന്റെ ഫലം കാണിക്കുന്ന അടിസ്ഥാന സൂചികകളുടെ തെളിവാണ്.

## III. സാമൂഹ്യ മേഖല

50. എന്റെ സർക്കാർ, വനിത ശിശുവികസന വകുപ്പ് മുഖേന "ബാലസുരക്ഷിത കേരളം" ചട്ടക്കൂടിന് കീഴിൽ സ്പെഷ്യൽ നീഡ് ഹോമുകൾ സ്ഥാപിക്കൽ,

പ്രാരംഭകാല വികാസ പിന്തുണ നൽകുന്നതിനുള്ള "ചുവടുകൾ" പ്രോഗ്രാം ഉൾപ്പെടെ ശിശുകേന്ദ്രീകൃത സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. അങ്കണവാടി കുട്ടികൾക്ക് പോഷക സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി "പോഷകബാല്യം" എന്ന പദ്ധതി ആഴ്ചയിൽ ആറു ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്റെ സർക്കാർ, ആർത്തവവിരാമം നേരിടുന്ന സ്ത്രീകൾക്കു വേണ്ടിയുള്ള “ഫോർട്ടി പ്ലസ്” പ്രോഗ്രാം പോലെയുള്ള ബയോ-സൈക്കോസോഷ്യൽ ലക്ഷ്യത്തോടെയുള്ള ഇടപെടലുകൾ ആരംഭിക്കുമ്പോൾത്തന്നെ, POSH പോർട്ടൽവഴി ജോലിസ്ഥലത്തെ സുരക്ഷയ്ക്കും അക്രമങ്ങളെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള "സമാരംഭം" പ്രോജക്റ്റ് നടപ്പിലാക്കുന്നതിനും മുൻഗണന നൽകി വരുന്നു.

51. എന്റെ സർക്കാർ, ഉയർന്നുവരുന്ന സാമൂഹ്യ വെല്ലുവിളികൾ നേരിടുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന സമഗ്ര നയപരിഷ്കരണങ്ങൾ നടപ്പിലാക്കി വരുന്നു. സംരക്ഷണവും ഉൾക്കൊള്ളലും ശക്തിപ്പെടുത്താൻ സ്റ്റേറ്റ് ഡിസബിലിറ്റി ആന്റ് ട്രാൻസ്ജെൻഡർ പോളിസികളെ അവകാശാധിഷ്ഠിത ചട്ടക്കൂടുകളുമായും ആഗോള മാർഗ്ഗനിർദ്ദേശങ്ങളുമായും ബന്ധിപ്പിച്ചു വരുമ്പോൾതന്നെ, ഒരു സംയോജിത പരിചരണ സംവിധാനം ഉറപ്പാക്കുന്നതിനായി വയോജനനയം പരിഷ്കരിച്ചുകൊണ്ടിരിക്കുകയുമാണ്. എന്റെ സർക്കാർ, വർദ്ധിച്ചുവരുന്ന മയക്കുമരുന്നുകളുടെ ഉപയോഗം ചെറുക്കാൻ സ്കൂൾ കോളേജ് തലങ്ങളിൽ അവബോധവും കൗൺസിലിംഗും പുനരധിവാസ സേവനങ്ങളും വർദ്ധിപ്പിക്കുന്നതിന് പ്രൊബേഷൻ

സംവിധാനത്തിന് കീഴിലുള്ള 'നേർ വഴി' (Corrective Pathway) പ്രോഗ്രാം പുനസംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

52. എന്റെ സർക്കാർ, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 44 വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളോടും വ്യവസായ ബന്ധങ്ങളോടും കൂടിയ ആധുനിക ബഹുമുഖ നൈപുണ്യ ഹബ്ബുകളായി പരിവർത്തനം ചെയ്യുന്നതിൽ പട്ടികജാതി വികസന മേഖലയോട് കടപ്പെട്ടിരിക്കുന്നു. "സമൃദ്ധി കേരളം" സ്കീം, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ടോപ്-അപ്പ് വായ്പാ സഹായം നൽകി വരുമ്പോൾ, “വരുമാന വീട്” പ്രോഗ്രാം കുടുംബങ്ങളെ സൂക്ഷ്മ സംരംഭകേന്ദ്രങ്ങളാക്കി മാറ്റുന്നു. ഇതിനുപുറമേ, "ഐശ്വര്യ ഗ്രാമം" എന്ന സംരംഭം വാസസ്ഥലങ്ങളിലെ അടിസ്ഥാനസൗകര്യ വിടവുകൾ നികത്തിക്കൊണ്ടിരിക്കുന്നു.

53. എന്റെ സർക്കാർ, പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസ പരമായ സമ്പൂർണ്ണ തുല്യത കൈവരിക്കുന്നതിലേക്ക് "ബാക് ടു സ്കൂൾ" പ്രോഗ്രാമും പ്രൊഫഷണൽ കോഴ്സുകളിലെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിന് പ്രത്യേക സഹായ സ്കീമുകളും നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി പുതുതായി രൂപീകരിച്ച ഒരു ലേബർ ബാങ്കിന്റെ സഹായത്തോടെ “വി ഇനിഷ്യേറ്റീവ്” ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ, വിജ്ഞാന കേരളവുമായി സഹകരിച്ചു കൊണ്ട് ഷെഡ്യൂൾഡ് ട്രൈബ് യൂത്ത് എംപ്ലോയ്മെന്റ് സ്കീമിനു കീഴിൽ, 2026-ഓടെ 10,000 പട്ടികവർഗ്ഗ

യുവജനങ്ങൾക്ക് തൊഴിലും ഇന്റേൺഷിപ്പും അവസരങ്ങൾ ലക്ഷ്യമിട്ടിട്ടുള്ളതും, അതിൽ 5,000 ഗുണഭോക്താക്കൾക്ക് ഇതിനകം സഹായം നൽകിക്കഴിഞ്ഞിട്ടുള്ളതുമാണ്.

54. എന്റെ സർക്കാർ, നിർമ്മിതബുദ്ധി, റോബോട്ടിക്സ് സംരംഭങ്ങളിൽ ഒ.ബി.സി. യുവാക്കളെ സഹായിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ട് ഏർപ്പെടുത്തിക്കൊണ്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി പിന്നാക്ക സമുദായങ്ങളുടെ ശാക്തീകരണം കൈവരിച്ചുകൊണ്ടിരിക്കുന്നു. എന്റെ സർക്കാർ, ഇതിനുപുറമേ സൗരോർജ്ജ ജൈവകൃഷി സംരംഭങ്ങളിലൂടെ ഹരിത തൊഴിൽ പ്രോത്സാഹിപ്പിക്കുകയും സുസ്ഥിര ഉപജീവനം ഉറപ്പാക്കുന്നതിന് ഒ.ബി.സി. വനിതകൾക്ക് പ്രത്യേകമായ സ്വയം തൊഴിൽ സഹായം നൽകുകയും ചെയ്യുന്നു.

55. ന്യൂനപക്ഷ ക്ഷേമത്തിനു വേണ്ടി, എന്റെ സർക്കാർ, ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള ഗവേഷകരെ സഹായിക്കുന്നതിനായി, അർഹരായ ഗവേഷണ വിദ്യാർത്ഥികൾക്ക് മൊത്തം 7.20 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകുന്നതിനുള്ള ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ അനാഥാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഗ്രാൻഡ്-ഇൻ-എയ്ഡ് സ്കീമും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എന്റെ സർക്കാർ, കാലിക്കറ്റ് സർവ്വകലാശാലയിൽ ആദ്യഘട്ടം പ്രവർത്തനസജ്ജമാക്കിക്കൊണ്ട് ന്യൂനപക്ഷ ഗവേഷണ വിഭാഗമായി ഒരു ന്യൂനപക്ഷ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയാണ്.

56. സൈനികക്ഷേമ വകുപ്പ് മുഖേന മുൻ സൈനികരുടെ ക്ഷേമത്തിനായി എന്റെ സർക്കാർ അർപ്പിതമാണ്. എന്റെ സർക്കാർ, സാമൂഹ്യസുരക്ഷ മെച്ചപ്പെടുത്തുന്നതിനായി, പെൻഷൻ ഇല്ലാത്ത വിമുക്ത ഭടന്മാർക്കും വിധവകൾക്കും വേണ്ടി വാർഷിക ഗ്രാന്റുകൾ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് വാർ മെമ്മോറിയലിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

57. എന്റെ സർക്കാർ, നാഷണൽ ബിൽഡിംഗ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ (NBCC) പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന KSHB മറൈൻ ഇക്കോ സിറ്റി എന്ന ഒരു ബൃഹത്തായ പാർപ്പിട-വാണിജ്യ വികസന പ്രോജക്റ്റ് നടപ്പിലാക്കിവരുന്നു. നഗര വികസനത്തിന്റെ ഒരു നാഴികക്കല്ലായി വിഭാവനം ചെയ്യപ്പെട്ട ഈ പ്രോജക്റ്റിൽ, 3,394 കോടി രൂപ പ്രതീക്ഷിത ചെലവിൽ 53.22 ലക്ഷത്തിൽപ്പരം ചതുരശ്ര അടി വിസ്തൃതിയിലുള്ള നിർമ്മാണം ഉൾപ്പെടുന്നു.

58. എന്റെ സർക്കാർ, വനിത ശിശുവികസന വകുപ്പുമായി സഹകരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 'തന്റെയിടം' പ്രോജക്റ്റും നടപ്പിലാക്കി വരുന്നു. ഈ സംരംഭം, തങ്ങളുടേതായ കാരണം കൊണ്ടല്ലാതെ തങ്ങളുടെ കുട്ടിക്കാലം ക്ഷേമസ്ഥാപനങ്ങളിൽ ചെലവഴിച്ചവരും പതിനെട്ട് വയസ്സ് തികയുമ്പോൾ അത്തരം സൗകര്യങ്ങളിൽ നിന്ന്

പുറത്ത് പോകേണ്ടിവരുന്നവരുമായ ചെറുപ്പക്കാരെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പ്രോജക്റ്റ്, സുരക്ഷിത ഭവനം അവർക്ക് നൽകി സമൂഹത്തിലേയ്ക്കുള്ള അവരുടെ ഒത്തുചേരൽ സുഗമമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

59. കേരളത്തിലുടനീളമുള്ള മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താങ്ങാനാകുന്ന താമസസൗകര്യം നൽകുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ 'ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം' ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് അഞ്ച് വർഷത്തിനുള്ളിൽ 'ആശ്വാസ്' കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

60. എന്റെ സർക്കാർ, ഭക്ഷ്യസുരക്ഷയ്ക്കായി PPP മോഡലിൽ ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതാണ്. എന്റെ സർക്കാർ, പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും ISO സർട്ടിഫിക്കേഷൻ നേടുന്നതിന് വേണ്ടിയും പരിശ്രമിക്കുന്നതാണ്.

61. എന്റെ സർക്കാർ, അടുത്തകാലത്തായി അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കപ്പെട്ട കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ഫാമിലി ബെനിഫിറ്റ് കാർഡ് (FBC) നടപ്പിലാക്കുന്നതാണ്.

## IV. തദ്ദേശഭരണം

62. 2026-27-ൽ, ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും കേരള നഗരനയം നടപ്പിലാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ദീർഘ വീക്ഷണത്തോടെയുള്ള ഒരു കാര്യപരിപാടി എന്റെ സർക്കാർ മുന്നോട്ടുവയ്ക്കുന്നു. സ്റ്റേറ്റ് സ്പേഷ്യൽ പെർസ്പെക്റ്റീവ് പ്ലാൻ പോലുള്ള സംരംഭങ്ങൾ തദ്ദേശഭരണത്തിലെ പ്രൊഫഷണലിസം ശക്തിപ്പെടുത്തും.

63. 64,006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചുകൊണ്ട്, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ (EPEP) കേരളം അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത ആദ്യത്തെ സംസ്ഥാനമായി മാറി. പൂർവ്വസ്ഥിതിയിലേയ്ക്ക് പോകുന്നത് തടയുന്നതിനും ഒരു സംരക്ഷണ സുരക്ഷാ വലയം വ്യാപിപ്പിക്കുന്നതിനുമായി എന്റെ സർക്കാർ EPEP 2.0 ആവിഷ്കരിച്ചിട്ടുണ്ട്.

64. ഡിജി കേരളം ഡിജിറ്റൽ സാക്ഷരതാ പരിപാടിയിൻ കീഴിൽ 21.87 ലക്ഷം പേർക്ക് ഡിജിറ്റൽ സാക്ഷരത നൽകിക്കൊണ്ട് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത സംസ്ഥാനമായി പ്രഖ്യാപിച്ചത്, ബഹുസ്വരതയ്ക്കും ശാക്തീകരണത്തിനുമുള്ള എന്റെ സർക്കാരിന്റെ പ്രതിബദ്ധതയുടെ മറ്റൊരു ശ്രദ്ധേയമായ ഉദാഹരണമാണ്. ഡിജി കേരളത്തിന്റെ നേട്ടങ്ങൾ ഡിജി കേരളം 2.0 വഴി കൂടുതൽ ഏകീകരിക്കപ്പെടുന്നതോടൊപ്പം, കേരള പൊതുസേവന

അവകാശ നിയമത്തിന് കീഴിലുള്ള സേവന വിതരണ പരിഷ്കരണങ്ങളും നടപ്പിലാക്കും.

65. 933 ഓൺലൈൻ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു സമഗ്ര ഇ-ഗവേണൻസ് പ്ലാറ്റ്ഫോമായി കെ-സ്മാർട്ട് ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്ത് ഇത്തരത്തിൽ ആദ്യമായി നടപ്പിലാക്കിയ തൽക്ഷണ കെട്ടിട അനുമതികൾ, വിവാഹ രജിസ്ട്രേഷനുള്ള വീഡിയോ അധിഷ്ഠിത e-KYC, തടസ്സമില്ലാത്ത പെൻഷൻ വിതരണം, സാങ്കേതികവിദ്യ അടിസ്ഥാന മാക്കിയുള്ള മാലിന്യ-സംസ്കരണ പരിഹാരങ്ങൾ തുടങ്ങിയ സംരംഭങ്ങൾ പൗരകേന്ദ്രീകൃത ഭരണത്തെ ഗണ്യമായി ശക്തിപ്പെടുത്തുകയും ജീവിത സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തു.

66. 2016 മുതൽ 2025 ഡിസംബർ 31 വരെ 6,00,547 വീടുകളുടെ നിർമ്മാണത്തിനായി ആകെ 19,127.47 കോടി രൂപ ചെലവഴിച്ചു. 2026-27-ൽ ഒരു ലക്ഷം വ്യക്തിഗത വീടുകൾ നിർമ്മിക്കാനും 22 ഭവന സമുച്ചയങ്ങൾ പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു.

67. ഉപയോക്താക്കളുടെ എണ്ണം 90 ലക്ഷം കടക്കുന്ന ഹരിതമിത്രം 2.0 യിലൂടെ എന്റെ സർക്കാർ സാങ്കേതികവിദ്യാധിഷ്ഠിത സൊല്യൂഷനുകൾ വികസി പ്പിക്കുന്നു. കൊച്ചിയിലെ ബ്രഹ്മപുരത്ത് ഒരു 150 ടൺ CBG പ്ലാന്റ് പൂർത്തിയായിട്ടുള്ളതും 500 ടൺ വേസ്റ്റ്-ടു-എനർജി പ്ലാന്റിന്റെ നിർമ്മാണം 2026 മെയ് മാസത്തോടെ ആരംഭിക്കുന്നതുമാണ്.

68. സാനിറ്ററി മാലിന്യങ്ങളുടെ സമ്പൂർണ്ണ സംസ്കരണം കൈവരിക്കാനുള്ള പാതയിലാണ് എന്റെ സർക്കാർ. പൊതു ശൗചാലയങ്ങൾ ലൊക്കേറ്റ് ചെയ്യുന്നതിനായി KLOO എന്ന പേരിൽ ഒരു ആപ്ലിക്കേഷൻ ആരംഭിച്ചു. ശുചിത്വ മിഷന്റെ കീഴിൽ 50,000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിയിട്ടുള്ളതും പരിസ്ഥിതി മാനേജ്മെന്റിൽ അവബോധം, നവീകരണം, പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കോളേജ് വിദ്യാർത്ഥികൾക്കായി ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളതുമാണ്.

69. 2026-27 കാലയളവിൽ, നൂതന സംസ്കരണ സംവിധാനങ്ങളിലൂടെ ജൈവമാലിന്യങ്ങളിലും ദ്രവ മാലിന്യങ്ങളിലും എന്റെ സർക്കാർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ഡിജിറ്റൽ മോണിറ്ററിംഗ് ഉപകരണങ്ങളും ഗ്രീൻ റേറ്റിംഗ് സംവിധാനങ്ങളും സാങ്കേതികവിദ്യാധിഷ്ഠിത മാലിന്യ സംസ്കരണ സംവിധാനത്തിലേക്കുള്ള കേരളത്തിന്റെ പരിവർത്ത നത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

70. 617 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് ISO സർട്ടിഫിക്കേഷൻ നേടിയെടുത്തുകൊണ്ട്, 46 ലക്ഷത്തിലധികം അംഗങ്ങളോടെ, ലോകത്തിലെ ഏറ്റവും വലിയ മിഷനുകളിൽ ഒന്നായി കുടുംബശ്രീ പരിണമിച്ചു. 2026-27-ൽ നേതൃത്വ വികസനം, സംരംഭങ്ങളുടെ മെച്ചപ്പെടുത്തൽ, വേജ് എംപ്ലോയ്മെന്റ് സുഗമമാക്കൽ, പരിചരണ സമ്പദ്‌വ്യവസ്ഥയുടെ

വിപുലീകരണം എന്നിവയ്ക്ക് മുൻഗണന നൽകാൻ മിഷൻ ഉദ്ദേശിക്കുന്നു.

71. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) വികേന്ദ്രീകൃത ഭരണം ശക്തിപ്പെടുത്തുന്നത് തുടരുകയും, അതേസമയം ഹരിത കേരളം മിഷൻ ഒരു മുൻനിര പാരിസ്ഥിതിക സംരംഭമായി നിലകൊള്ളുകയും ചെയ്യുന്നു.

72. ജീവിത സൗകര്യവും ജനസൗഹൃദ തദ്ദേശഭരണവും പ്രോത്സാഹിപ്പിയ്ക്കുന്നതിനായി എന്റെ സർക്കാർ 2025-ലെ സംരംഭങ്ങളുടെ ലൈസൻസിംഗ് ചട്ടങ്ങൾ ഉൾപ്പെടെ പഞ്ചായത്ത്-മുനിസിപ്പാലിറ്റി ആക്റ്റുകളിലും, പഞ്ചായത്ത്-മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലും മറ്റ് ചട്ടങ്ങളിലും പ്രധാന ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്.

## V. വ്യവസായം, ഐ.ടി., തൊഴിലും വാണിജ്യവും

73. സംരംഭം ആരംഭിക്കലും, തൊഴിൽ സൃഷ്ടിക്കലും, എം.എസ്.എം.ഇ. പിന്തുണ നൽകലിലും ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിന്റെ വ്യാവസായിക മേഖല ശക്തിപ്പെടുത്തുന്നതിൽ എന്റെ സർക്കാർ ഗണ്യമായ പുരോഗതി കൈവരിച്ചു. 7.5 ലക്ഷത്തിനടുത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചുകൊണ്ടും "ഇയർ ഓഫ് എന്റർപ്രൈസസ്" എന്ന പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തുടനീളം 3.53 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചു. ഈ മുന്നേറ്റത്തെ തുടർന്നുകൊണ്ട്,

100 കോടി രൂപ വരെ വാർഷിക വിറ്റുവരവ് കൈവരിക്കാൻ ശേഷിയുള്ള സംരംഭങ്ങളുടെ വളർച്ചയെ മിഷൻ 1000 പദ്ധതി പിന്തുണയ്ക്കുകയും നിർദ്ദിഷ്ട മിഷൻ 1 ലക്ഷം പദ്ധതിയിലൂടെ മൈക്രോ, നാനോ സംരംഭങ്ങളെ പരിപോഷിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും.

74. വനിതാ കോൺക്ലേവുകൾ, ബാങ്കർമാരുടെ യോഗങ്ങൾ, നിക്ഷേപക സംഗമങ്ങൾ, ശേഷിവികസനവും സൗകര്യവത്കരണവും ലക്ഷ്യമിടുന്ന മറ്റ് പരിപാടികൾ എന്നിവയിലൂടെ റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ. പെർഫോമൻസ് (RAMP) പദ്ധതിയുടെ കീഴിൽ ലഭിക്കുന്ന ഫണ്ടുകൾ ഫലപ്രദവും വിവേകപൂർവവും ആയ രീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് എന്റെ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്.

75. സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിൻ കീഴിൽ ഒരു ടോപ്പ് അച്ചീവർ ആയി അംഗീകരിക്കപ്പെട്ടതിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലുള്ള കേരളത്തിന്റെ സുസ്ഥിരമായ പുരോഗതികൾ പ്രതിഫലിക്കുന്നു. 22-ൽ അധികം വകുപ്പുകളെ ഏകീകരിക്കുന്ന കെ-സ്വിഫ്റ്റ് (K-SWIFT) ഏകജാലക പ്ലാറ്റ്ഫോം, സുതാര്യത, പ്രവചനാത്മകത, നിക്ഷേപകരുടെ ആത്മവിശ്വാസം എന്നിവ മെച്ചപ്പെടുത്തുന്നതോടൊപ്പം റെഗുലേറ്ററി ഫ്രിക്ഷൻ ഗണ്യമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

പോലുള്ള ഫ്ലാഗ്ഷിപ്പ് പദ്ധതികളുമായി ഈ പരിഷ്കരണങ്ങൾ ബന്ധിപ്പിച്ചിട്ടുള്ളതും അതിലൂടെ 104 താല്പര്യപത്രങ്ങൾ ലഭിക്കുകയും 12,120 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 18,414 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് 69 പദ്ധതികൾ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

76. വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കൊച്ചി–ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിലൂടെ ദേശീയതലത്തിൽ അംഗീകരിച്ച വ്യവസായിക ഇടനാഴി–സ്മാർട്ട് സിറ്റി പദ്ധതികളിൽ തയ്യാറെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. കൂടാതെ, പരമ്പരാഗതവും ജിഐ ടാഗ് ചെയ്തതുമായ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത യൂണിറ്റി മാൾ നിർമ്മാണ പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നു.

77. പൊതുമേഖലാ സ്ഥാപനങ്ങളെയും പരമ്പരാഗത വ്യവസായങ്ങളെയും ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനായി വ്യാവസായിക അന്തരീക്ഷം ഒരുക്കുന്നതിന് തന്ത്രപരവും സമഗ്രവുമായ നടപടികളാണ് എന്റെ സർക്കാർ സ്വീകരിക്കുന്നത്. പി.എസ്.യു. വിഷൻ 2031 അടിസ്ഥാനമാക്കി സാങ്കേതിക കൈമാറ്റവും വിപണി വികാസവും സാധ്യമാക്കുന്നതിനായി വിറ്റുവരവ് ഇരട്ടിയാക്കാനും ലാഭക്ഷമത വർദ്ധിപ്പി

ക്കാനും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുമായും പ്രശസ്ത സ്ഥാപനങ്ങളുമായും സഹകരണം ശക്തിപ്പെടുത്തുന്നതിനുമായി സമഗ്രമായ ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

78. വൈവിധ്യവൽകരണം, നിയന്ത്രിത യന്ത്രവൽകരണം, ഫൈബർ ബാങ്ക് പദ്ധതി, കയർ റിവോൾവിംഗ് ഫണ്ട് പദ്ധതി എന്നിവയിലൂടെയും കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗം വിപുലീകരിക്കാനുള്ള ശ്രമങ്ങളിലൂടെയും കയർ മേഖലയെ ആധുനികവൽകരിക്കുന്നു. ആധുനികവൽകരണം, മൂല്യവർദ്ധനവ്, വിപണി വിപുലീകരണം, നൈപുണ്യ വികസനം, മെച്ചപ്പെട്ട തൊഴിലാളി ക്ഷേമം എന്നിവയിലൂടെ ഖാദി, കൈത്തറി, കശുവണ്ടി, റബ്ബർ, ടെക്സ്റ്റയിൽ, തോട്ടം മേഖലകളെ പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള സംരംഭങ്ങളും പുരോഗമിക്കുന്നു. ഖനന മേഖലയിൽ, ഡ്രോൺ അധിഷ്ഠിത LiDAR സർവ്വേകൾ പോലുള്ള നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കിക്കൊണ്ട് ഭൂപ്രദേശ പരിശോധന, ഡ്രില്ലിംഗ് പദ്ധതികൾ ഏറ്റെടുക്കുകയും COMPASS 2.0 പോർട്ടൽ വഴി സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

79. താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ 18 മുതൽ 30 വയസ്സുവരെയുള്ള യുവജനങ്ങളെ സഹായിക്കുന്നതിനായി എന്റെ സർക്കാർ യുവതലമുറയ്ക്കുവേണ്ടിയുള്ള "ചീഫ് മിനിസ്റ്റേഴ്സ് കണക്ട് ടു വർക്ക് സ്കീം" അവതരിപ്പിക്കുന്നു. പ്ലസ് ടു, ഐടിഐ, ഡിപ്ലോമ അല്ലെങ്കിൽ ഡിഗ്രി കോഴ്സുകൾക്ക് ശേഷം നൈപുണ്യ

വികസനം നേടാൻ ശ്രമിയ്ക്കുന്ന ഗുണഭോക്താക്കൾക്ക് ഒരു വർഷം വരെ പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു.

80. എന്റെ സർക്കാർ, NORKA വകുപ്പ് വഴി, വിദേശത്ത് ജോലി ചെയ്യുന്ന കേരളത്തിലെ സ്ത്രീകൾക്ക് പിന്തുണയും കൗൺസിലിംഗും നൽകുന്നതിനായി പ്രതിബദ്ധതയുള്ള ഒരു വനിത സെൽ ആശയ വൽകരിയ്ക്കുന്നു. കൂടാതെ, സംസ്ഥാനത്തിന്റെ വികസനത്തിന് പ്രവാസി കേരളീയ സമൂഹത്തിന്റെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനായി ലോക കേരളം ഓൺലൈൻ പോർട്ടൽ ആരംഭിക്കും.

81. കേന്ദ്ര സർക്കാരിൽ നിന്നും സ്ഥല, പ്രതിരോധ, സുരക്ഷാ അനുമതികൾ ലഭിച്ചിട്ടുള്ള ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന് എന്റെ സർക്കാർ ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നു. 2029-30-ൽ കമ്മീഷനിംഗ് ലക്ഷ്യമിട്ടു കൊണ്ട് 2026-ൽ നിർമ്മാണം ആരംഭിക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

82. എന്റെ സർക്കാർ, ഐടി അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചു കൊണ്ട് കേരളത്തിന്റെ സാങ്കേതിക വളർച്ചയുടെ അടുത്ത ഘട്ടം മുന്നോട്ട് കൊണ്ടുപോകും. ടെക്നോപാർക്കിലും ടെക്നോസിറ്റിയിലും വൻതോതിലുള്ള വിപുലീകരണങ്ങൾ, ലാൻഡ് പൂളിംഗ് വഴി ഇൻഫോപാർക്കിൽ ഒരു എ.ഐ. സിറ്റി വികസനം, ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ ഭൂമിയിൽ ഇൻഫോപാർക്കിന്റെ പുതിയ ഘട്ടം സ്ഥാപിക്കൽ

എന്നിവ ഉൾപ്പെടുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ഐടി കോറിഡോർ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പുതിയ പാർക്കുകൾ സ്ഥാപിക്കും. ടെക് സ്പേസിനുള്ള വർധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിനായി സ്വകാര്യ ഐടി പാർക്കുകളെ പ്രോത്സാഹിപ്പിക്കാൻ പ്രൈവറ്റ് ഐടി പാർക്ക് പ്രൊമോഷൻ സ്കീം നടപ്പിലാക്കും. കൂടാതെ, ഇന്ത്യയിൽ ആദ്യമായിട്ട് ഡിസ്ട്രിബ്യൂട്ടഡ് ഇന്നൊവേഷൻ ഇൻഫ്രാസ്ട്രക്ചർ വഴി നവീകരണത്തെ ജനാധിപത്യവൽകരിക്കും. സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ-അപ്പ് ഫണ്ടിംഗ് ഉറപ്പാക്കുന്നതിന് ആഗോളതലത്തിൽ പ്രമുഖരായ കേരള പ്രവാസികളിൽ നിന്ന് ധനസഹായം ആകർഷിക്കുന്നതിനായി ഫണ്ടുകളുടെ ഫണ്ട് വിപുലീകരിക്കുകയും ഒരു പുതിയ ഫീഡർ ഫണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

83. വരുംകാല പദ്ധതികളിൽ, 2030-ഓടെ ആഗോള നേതൃത്വം ലക്ഷ്യമിടുന്ന കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മിഷൻ (K-AIM), സംസ്ഥാന വ്യാപക നൈപുണ്യ പരിപാടിയായ ആക്സിലറേറ്റ് കേരള എന്നിവ ഉൾപ്പെടുന്നു. നമ്മുടെ കേരളം–ഡിജിറ്റൽ കേരള സംരംഭങ്ങൾക്ക് കീഴിലുള്ള പൗരകേന്ദ്രീകൃത ഡിജിറ്റൽ ഭരണം ഇവയെ പൂരകമാക്കും.

84. 2026-ൽ, എന്റെ സർക്കാർ 38-ാമത് കേരള സയൻസ് കോൺഗ്രസിനെ ഒരു ദേശീയ വേദിയായി ശക്തിപ്പെടുത്തും. വനിത ശാസ്ത്രജ്ഞർക്കായുള്ള ബാക്ക്-ടു-ലാബ് പദ്ധതിക്ക് പ്രത്യേക പ്രാധാന്യം

നൽകി ഫെലോഷിപ്പുകൾ മുഖേന മനുഷ്യവിഭവ ശേഷി വികസനം തുടരും. കണ്ണൂരിൽ തുടങ്ങി, മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതും അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുന്നു.

## VI. അടിസ്ഥാനസൗകര്യം

85. എന്റെ സർക്കാർ, കേരള സംസ്ഥാന അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (KIIFB) മുഖേന 93,749 കോടി രൂപ മൂല്യമുള്ള പദ്ധതികൾ സുപ്രധാന മേഖലകളിൽ ഏറ്റെടുത്തുകൊണ്ട് അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. 2025 സെപ്തംബർ വരെ 21,881 കോടി രൂപ ചെലവഴിച്ച് കൊണ്ട് 104 പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതും അതേ സമയം സംസ്ഥാനത്തുടനീളം നിർണ്ണായകമായ പൊതു അടിസ്ഥാനസൗകര്യങ്ങൾ സമയബന്ധിത മായി സൃഷ്ടിക്കുവാൻ പ്രാപ്തമാകുന്ന വിധത്തിൽ KIIFBയുടെ കീഴിൽ ആകെ 37,564 കോടി രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

86. വരും വർഷത്തിൽ എന്റെ സർക്കാർ, 1200 കി.മീ. പ്രധാന ജില്ലാ റോഡുകൾ BM & BC നിലവാര ത്തിലേയ്ക്ക് ഉയർത്തുന്നതും സംസ്ഥാന ഹൈവേകളുടെ വീതി കൂട്ടുന്നതുമാണ്. സുസ്ഥിരമായ നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിനായി ഐ.ഐ.റ്റി. മദ്രാസു മായി ചേർന്ന് നടപ്പിലാക്കുന്ന ഒരു പൈലറ്റ് പദ്ധതിയായ റീക്ലെയിമ്ഡ് ആസ്ഫാൽട്ട് പേവ്മെന്റ് (RAP) മുഖേന കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുന്നതിനു

വേണ്ടി അത് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതാണ്.

87. റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) മുഖേന 31,000 കി.മീ റോഡുകൾ ഡിജിറ്റൈസ് ചെയ്യുക എന്നത് ഡിജിറ്റൽ സംരംഭങ്ങളിൽ ഉൾപ്പെടുന്നു. സ്മാർട്ട് ബസ് സ്റ്റോപ്പുകളും കുഴികളില്ലാത്ത റോഡുകളും റോഡ് സുരക്ഷയിൽ "വിഷൻ സീറോ" കൈവരിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം സ്ത്രീ-സൗഹൃദ സിവിൽ സ്റ്റേഷനുകളും "ടേക്ക് എ ബ്രേക്ക്" സൗകര്യങ്ങളും മുഖേന ഭരണപരമായ അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്തും.

88. പവർകട്ട് രഹിത കേരളം എന്ന നിലവാരം നിലനിർത്തുന്നതിനായി ജലവൈദ്യുതി വികസനം, ദ്യുതി-2 പദ്ധതിയിൻ കീഴിലുള്ള വിതരണ നവീകരണം, വൻതോതിലുള്ള ബാറ്ററി ഊർജ്ജ സംഭരണം എന്നിവ ഉൾപ്പെടുത്തി സുസ്ഥിര ഊർജ്ജം ഉറപ്പാക്കാനുള്ള ഒരു പദ്ധതി എന്റെ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. സംഭരണത്തിലും കാറ്റാടി ഊർജ്ജ മേഖലയിലും സ്വകാര്യ നിക്ഷേപം പ്രോൽസാഹിപ്പിച്ചുകൊണ്ട് 2040 ആകുമ്പോഴേക്കും 100% പുനരുപയോഗ ഊർജ്ജവും 2050-ഓടെ കാർബൺ ന്യൂട്രാലിറ്റിയും കൈവരിക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

89. കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണം, ദുർബല കുടുംബങ്ങൾക്കായുള്ള ഗ്രീൻ ഇൻകം സ്കീം

എന്നിവ ഉൾപ്പെടെയുള്ള നേട്ടങ്ങളാൽ കേരളം പുനരുപയോഗ ഊർജ്ജ മേഖലയിലെ നേതൃസ്ഥാനം അനെർട്ടിലൂടെ (ANERT) തുടരുകയാണ്. ഫ്ലോട്ടിംഗ് സോളാർ പോലുള്ള നവീന സംരംഭങ്ങളും പുനരുപയോഗ ഊർജ്ജത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു സെന്റർ ഓഫ് എക്സലൻസും ഈ മേഖലയിലെ ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

90. കേന്ദ്ര സർക്കാരിന്റെ ദേശീയ ജലനയ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ജലനയത്തിനും ഗണ്യമായ പ്രാധാന്യമുണ്ട്. എല്ലാ പൗരന്മാരുടെയും ഗാർഹികവും വാണിജ്യപരവുമായ ജല ആവശ്യകതകൾ അഭിസംബോധന ചെയ്യുന്നതിനായി സമഗ്രമായ ഒരു ജലനയം ആവശ്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്.

91. എന്റെ സർക്കാർ, മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് "തമിഴ്നാടിന് ജലവും കേരളത്തിന് സുരക്ഷയും" എന്ന തത്വത്തിൽ അധിഷ്ഠിതമായുള്ള ഒരു ഉറച്ച നിലപാട് നിലനിർത്തുന്നതോടൊപ്പം നൂറ്റാണ്ട് പഴക്കമുള്ള ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി അതിന്റെ ഘടനാപരമായ ബലം പരിശോധിക്കുന്നതിന് അടിയന്തിരമായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കേണ്ടതാണെന്ന് ഉറപ്പിച്ച് പറയുന്നു.

92. സമീപഭാവിയിൽ പ്രവർത്തനക്ഷമമാകുവാൻ പോകുന്ന ഇടുക്കി ജില്ലയിലെ പട്ടിശ്ശേരി ഡാം കേരളത്തിലെ

ഏറ്റവും വലിയ അണക്കെട്ടായിരിക്കും. കാവേരി അന്തർസംസ്ഥാന നദീജലതർക്കത്തിലെ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അർഹത പ്പെട്ട ജലം വിനിയോഗിക്കുന്നത് ഉൾപ്പെടുന്നതാണ് ഈ പദ്ധതി. എന്റെ സർക്കാരിന്റെ നിരന്തരമായ ശ്രമങ്ങൾക്കൊടുവിൽ 2026 ഫെബ്രുവരി 15 ന് പ്രസ്തുത ഡാം കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. പൂർത്തീകരണ ഘട്ടത്തിലുള്ള മറ്റ് പ്രധാന ജലസേചന പദ്ധതികളായ ബാണാസുര സാഗർ പ്രധാന കനാൽ 2026 മേയ് മാസത്തോടെയും കാരാപ്പുഴ പദ്ധതി 2026 ഡിസംബർ മാസത്തോടെയും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

93. ഇത് കൂടാതെ, ജലസേചന വകുപ്പിനു കീഴിലുള്ള പദ്ധതികൾ മെച്ചപ്പെട്ട പൊതുസേവനങ്ങളും വിനോദസഞ്ചാര സംബന്ധിയായ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനായി സംയോജിപ്പിച്ചിട്ടുള്ള താണ്. എന്റെ സർക്കാർ ഇറിഗേഷൻ ടൂറിസം നടപ്പിലാക്കിയിട്ടുള്ളതും അത് സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതു മാണ്.

94. കേരളത്തിലെ യുവജനങ്ങൾക്ക് വരുമാന അവസര ങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലക്ഷ്യത്തോടെ പരേതനായ ശ്രീ.കെ.എം.മാണിയുടെ സ്മരണാർത്ഥം സൂക്ഷ്മ ജലസേചന പദ്ധതികൾ സമാരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ 'കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീം' നടപ്പിലാക്കാൻ

തുടങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് സ്ഥിരവിളകൾക്ക് പുറമെ എല്ലാ നാണ്യവിളകളെയും ഉൾപ്പെടുത്തി യുവജനങ്ങൾക്ക് അധിക വരുമാനം സൃഷ്ടിക്കുന്നതിനുള്ള അവസരങ്ങളുണ്ടാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

95. കുടിവെള്ള കണക്ഷനും മലിനജല കണക്ഷനും വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നത് സാധ്യമാകുന്നതിനും ഫലപ്രദമായ പൊതുജന പരാതി പരിഹാര സംവിധാനം ഒരുക്കുന്നതിനുമുള്ള ഇ-ടാപ്പ്, അക്വാലൂം പോലുള്ള പ്ലാറ്റ്ഫോമുകൾ മുഖേന കേരള ജല അതോറിറ്റിയിലെ ഡിജിറ്റൽ ഭരണ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

96. എന്റെ സർക്കാർ, ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ഘട്ടം II നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ഘട്ടം III ന്റെ നടപടി ആരംഭിക്കുകയുമാണ്. ICFOSS-മായി സഹകരിച്ച് പ്രളയ മുന്നറിയിപ്പ് സംവിധാനങ്ങളും റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റംസ് ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. കൂടാതെ, കുട്ടനാട് പാക്കേജിന് കീഴിലുള്ള 38,635 ഹെക്ടറിലേയ്ക്കും പ്രളയ നിയന്ത്രണ പ്രവൃത്തികൾ വ്യാപിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

97. കോവളം-ബേക്കൽ ഉൾനാടൻ ജലപാതയുടെ വികസനം എന്റെ സർക്കാർ മൂന്ന് ഘട്ടങ്ങളിലായി വിഭാവനം ചെയ്തിട്ടുള്ളതും ആയത് സംസ്ഥാനത്തിന്റെ ലോജിസ്റ്റിക്സും വിനോദസഞ്ചാര സാധ്യതകളും

വർദ്ധിപ്പിക്കുന്നതിന് വേണ്ടി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

98. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പ്രധാന വികസന പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്നതും, കൊല്ലം, ബേപ്പൂർ എന്നിവിടങ്ങളിലെ വികസനം സ്വകാര്യ മേഖല പങ്കാളിത്തത്തോടെ നടത്തുവാനും ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ രണ്ട് ഇടത്തരം വലിപ്പമുള്ള ക്രൂയിസ് വെസ്സലുകൾ നിർമ്മിക്കുന്നതും കൊല്ലത്തെയും അഴീക്കലിനെയും കൊച്ചി, ബേപ്പൂർ, വിഴിഞ്ഞം എന്നിവിടങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ക്രൂയിസ് സേവനങ്ങൾ ആരംഭിക്കുന്നതുമാണ്.

99. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത ഘട്ടത്തിലെത്തുന്നതോടെ തീരദേശ ചരക്ക് നീക്കം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതും സംസ്ഥാനത്തെ നാല് ചെറുകിട തുറമുഖങ്ങളെ ഇടത്തരം ചരക്ക് വെസ്സലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുന്നതുമാണ്.

100. അനുഭവാധിഷ്ഠിത യാത്രയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ഉയർന്നുവരുന്ന യാത്രാപ്രവണതകളെ ആകർഷിക്കുവാൻ Gen Z ടൂറിസം ഹബ്ബുകൾ വികസിപ്പിച്ചു വരുകയാണ്. അടിസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം, 46 പദ്ധതികൾക്ക് ഇതിനോടകം അനുമതി നൽകിയിട്ടുള്ളതാണ്. K-Home-നു കീഴിൽ മിതമായ നിരക്കിലുള്ള താമസസൗകര്യങ്ങൾ നൽകുന്നതു

പോലെയുള്ള നൂതന സംരംഭങ്ങളും ഷീ-ടൂറിസം സമാരംഭിക്കുന്നതും സാമ്പത്തിക ഉൾപ്പെടുത്തലുകൾ കൂടുതൽ വിപുലമാക്കുന്നതുമാണ്.

101. യാത്രക്കാർക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിലും സാമ്പത്തിക ഏകീകരണത്തിലും കുടിശ്ശിക ബാധ്യതകൾ തീർപ്പാക്കിയതുൾപ്പെടെയുള്ള ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചും കേരള സംസ്ഥാന റോഡ് ട്രാൻസ്പ്പോർട്ട് കോർപ്പറേഷൻ അതിന്റെ സ്ഥിരതയുള്ള പുനരുജ്ജീവനം തുടരുകയാണ്. സംസ്ഥാനത്തുടനീളമുള്ള പൊതുഗതാഗത സേവനങ്ങൾ വിശ്വാസ്യതയുള്ളതും ചെലവു കുറഞ്ഞതുമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി കഴിഞ്ഞ ഒമ്പതര വർഷകാലയളവിൽ 13,029 കോടി രൂപ KSRTC-ക്ക് അനുവദിച്ചിട്ടുള്ളതാണ്.

102. മെച്ചപ്പെട്ട പ്രവർത്തന കാര്യക്ഷമത, മികച്ച ഫ്ലീറ്റ് വിനിയോഗം, എല്ലാ റൂട്ടുകളിലും വിവിധ തരത്തിലുള്ള പുതിയ ബസ്സുകളുടെ സമയോചിതമായ ഉൾപ്പെടുത്തൽ എന്നിവയുടെ പ്രതിഫലനമായി 2026 ജനുവരിയിൽ 13.02 കോടി രൂപയുടെ ഏറ്റവും ഉയർന്ന ഏകദിന വരുമാനം KSRTC രേഖപ്പെടുത്തി. UPI-അധിഷ്ഠിതമായ ടിക്കറ്റ് വിതരണം, സ്മാർട്ട് ട്രാവൽ കാർഡുകൾ, സുതാര്യവും വേഗത്തിലുമുള്ള ഇടപാടുകൾ ഉറപ്പു വരുത്തുന്ന പരിഷ്കരിച്ച ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ എന്നിവ അവതരിപ്പിച്ചുകൊണ്ട് ഡിജിറ്റൽ പരിവർത്തനത്തിൽ ഗണ്യമായ പുരോഗതി കോർപ്പറേഷൻ കൈവരിച്ചിട്ടുണ്ട്.

103. പ്രവർത്തനപരിധി വിപുലമാക്കുന്നതിനായി തമിഴ്നാടും കർണ്ണാടകയുമായി ഒരു പുതിയ സപ്ലിമെന്ററി അന്തർസംസ്ഥാന കരാറിൽ ഏർപ്പെടുന്നതാണ്. സുസ്ഥിരതയ്ക്കും ചെലവ് കുറയ്ക്കുന്നതിനുമുള്ള KSRTC-യുടെ പ്രതിജ്ഞാബദ്ധത ശക്തിപ്പെടുത്തുന്നതിനായി പ്രധാന ഡിപ്പോകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

104. സംസ്ഥാനത്തുടനീളം സുരക്ഷിതമായ റോഡുകളും ശക്തമായ നിയന്ത്രണപരിപാലനവും പ്രോൽസാഹിപ്പിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് പ്രധാനപ്പെട്ട പരിഷ്ക്കാരങ്ങൾ നടപ്പാക്കിയിട്ടുള്ളതാണ്. സാങ്കേതിക വിദ്യയിലധിഷ്ഠിതമായതും കർശനവുമായ ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഊന്നൽ നൽകിയതിലൂടെ ഒരു ഉത്തരവാദിത്തപ്പെട്ട ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാൻ സഹായകമാവുകയും യോഗ്യതയുള്ള ഡ്രൈവർമാർക്ക് മാത്രം ലൈസൻസ് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആധുനിക സുരക്ഷാ നിലവാരത്തോടെ വിദഗ്ധ പരിശീലനം നേടി സജ്ജരായ ഡ്രൈവർമാരെ ലഭ്യമാക്കുന്ന KSRTC ഡ്രൈവിംഗ് സ്കൂളുകൾ ഒരു മുൻനിര സംരംഭമായി സ്ഥാപിച്ചിട്ടുള്ളതാണ്. ഡ്രൈവിംഗ് ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ വിതരണം ഉൾപ്പെടെയുള്ള സുപ്രധാന സേവനങ്ങളുടെ പൂർണ്ണമായ ഡിജിറ്റലൈസേഷൻ പൗരന്മാർക്ക് അവയുടെ ലഭ്യത മെച്ചപ്പെടുത്തുകയും നടപടിക്രമത്തിലുള്ള കാലതാമസം ഗണ്യമായി ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. സമകാലീന ഡിജിറ്റൽ

ഉപകരണങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും മുഖേന എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുള്ളത് വിവിധ മേഖലകളിൽ അപകടങ്ങളുടെ തീവ്രത ഗണ്യമായി കുറയ്ക്കുന്നതിനും ലംഘനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകൾ സുരക്ഷിതമാക്കുന്നതിനുള്ള കൂട്ടായ പ്രതിജ്ഞാബദ്ധതയുടെ പ്രതിഫലനമായി പൗരന്മാർക്ക് ലംഘനങ്ങളും സുരക്ഷിതമല്ലാത്ത റോഡ് സാഹചര്യങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് അനുവദിക്കുന്ന സംവിധാനങ്ങൾ മുഖേന പൊതുജന പങ്കാളിത്തം സജീവമായി പ്രോൽസാഹിപ്പിക്കപ്പെടുന്നു.

105. കേരളത്തിന്റെ ജലഗതാഗത മേഖല സംസ്ഥാനത്തിന്റെ ഗതാഗത സംവിധാനത്തിന്റെ ഒരു നെടുംതൂണായി വികസിച്ചുകൊണ്ടിരിക്കുകയാണ്. യാത്രക്കാരുടെ സുരക്ഷയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ഊർജ്ജക്ഷമതയുമായി ആധുനിക വാട്ടർക്രാഫ്റ്റുകളും പരിഷ്കരിച്ച പ്രവർത്തന സംവിധാനങ്ങളും ആരംഭിച്ചിട്ടുള്ളതാണ്. ജലഗതാഗതവും വിനോദസഞ്ചാരവും സമന്വയിപ്പിച്ചുകൊണ്ട് എപ്രകാരം സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ അനുഭവങ്ങൾ സ്ഥലവാസികൾക്കും സന്ദർശകർക്കും സൃഷ്ടിക്കാമെന്നത് പാതിരാമണലിലെ സംയോജിത വികസന സംരംഭങ്ങൾ വിശദീകരിക്കുന്നു.

106. 2030 ആകുമ്പോഴേക്കും ഡീസൽ ഫ്ലീറ്റുകളുടെ 50% മാറ്റി സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ

സൗരോർജ്ജ, ഇലക്ട്രിക് വെസ്സലുകൾ അവതരിപ്പിച്ചു കൊണ്ട് എന്റെ സർക്കാർ ഒരു ഹരിത പരിവർത്തനം വിഭാവനം ചെയ്യുന്നു. പ്രദേശത്തെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കുട്ടനാട് സഫാരി സർവ്വീസ് ആരംഭിച്ചതിലൂടെ എന്റെ സർക്കാർ ഉൾനാടൻ ജലഗതാഗതം വിപുലീകരിച്ചു.

107. ഒരു സെമി ഹൈസ്പീഡ് റെയിൽ പദ്ധതി മിഷൻ മോഡിൽ നടപ്പിലാക്കുന്നത് എന്റെ സർക്കാരിന്റെ സുപ്രധാന മുൻഗണനയാണ്. അന്തർ സംസ്ഥാന കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് എന്നീ പുതിയ റെയിൽവേ ലിങ്കുകളുടെ DPR പരിഗണനയിലാണ്. യാത്രക്കാരുടെ സുരക്ഷാ താൽപര്യങ്ങൾ മുൻനിർത്തിക്കൊണ്ട് "ലെവൽ ക്രോസ് ഫ്രീ കേരള" എന്ന ദൗത്യവുമായി എന്റെ സർക്കാർ മുന്നേറുകയാണ്.

108. എന്റെ സർക്കാർ കൊച്ചി മെട്രോയുടെ വിപുലീകരണം ദ്രുതഗതിയിലാക്കുകയാണ്; കൊച്ചി മെട്രോയുടെ ഘട്ടം II ക്രമാനുഗതമായി പുരോഗമിക്കുമ്പോൾ തന്നെ നെടുമ്പാശ്ശേരി വിമാനത്താവളം വഴിയുള്ള ഘട്ടം III പദ്ധതിയും നടന്നുവരികയാണ്. തിരുവനന്തപുരം മെട്രോ ഘട്ടം I ന്റെ അലൈൻമെന്റിന് എന്റെ സർക്കാർ അനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരത്തും കോഴിക്കോടുമുള്ള പദ്ധതികളുടെ DPRs സമർപ്പിച്ചിട്ടുമുള്ളതാണ്. മെട്രോ എനർജി ന്യൂട്രാലിറ്റിയ്ക്കായി കാസർഗോഡ് ഒരു ക്യാപ്റ്റീവ്

സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

109. എന്റെ സർക്കാർ, കൊച്ചി വാട്ടർ മെട്രോയിലൂടെ സംയോജിത ഗതാഗതത്തിൽ ഒരു പുത്തൻ ചുവടുവെയ്പ്പ് നടത്തിയിരിക്കുകയാണ്. കൂടാതെ, നഗരസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സിറ്റി കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പ്പോർട്ട് സിസ്റ്റത്തെ എന്റെ സർക്കാർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇലക്ട്രിക് ഫീഡർ ബസ്സുകളും ഇ-ആട്ടോകളും മുഖേന ലാസ്റ്റ് മൈൽ കണക്ടിവിറ്റി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

## VII. പ്രകൃതി വിഭവങ്ങൾ, വനവും വന്യജീവിയും പരിസ്ഥിതിയും ദുരന്തനിവാരണവും

110. കരുത്തുള്ള ഒരു നവകേരളം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിർണ്ണായക ഘടകമാണ് എന്ന് തിരിച്ചറിഞ്ഞ് കൊണ്ട് നമ്മുടെ പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര മാനേജ്മെന്റിനും പരിസ്ഥിതി സംരക്ഷണത്തിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. UNICEF-ന്റെ സഹകരണത്തോടെ സുസ്ഥിര ജീവിത ശൈലികളിലും കാലാവസ്ഥ പ്രവർത്തനങ്ങളിലും യുവജനങ്ങളെയും വനിതകളെയും ശാക്തീകരിക്കുന്നതിനുള്ള ഒരു പരിപാടി എന്റെ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിദ്യാർത്ഥി ക്ലബുകൾ മുഖേന മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങളുടെ ആഡിറ്റിംഗ്

"മാലിന്യ മുക്തം നവകേരളം" ക്യാമ്പയിനിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്.

111. വരും വർഷത്തിൽ, എന്റെ സർക്കാർ, ഒരു ഓൺലൈൻ കാലാവസ്ഥ സാക്ഷരത പ്ലാറ്റ്ഫോം ആവിഷ്കരിക്കുന്നതും നാല് തണ്ണീർത്തടങ്ങളെക്കൂടി റാംസർ പദവിയിലേക്ക് നിർദ്ദേശിക്കുന്നതും 2050 ആകുമ്പോഴേക്കും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിനുള്ള ഒരു പന്ഥാവ് ആവിഷ്കരിക്കുന്നതുമാണ്. കൂടാതെ, ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ ലോക ബാങ്കിന്റെ പിന്തുണയോടെ കാലാവസ്ഥ സംവാദപരമ്പര ആരംഭിക്കുന്നതും "എവരി ചൈൽഡ് എ സയന്റിസ്റ്റ് ആൻഡ് ആർട്ടിസ്റ്റ്" എന്ന പരിപാടി പ്രോൽസാഹിപ്പിക്കുന്നതുമാണ്.

112. എന്റെ സർക്കാർ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഹരിത വ്യാപനത്തിനും പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് വനം വന്യജീവി സംരക്ഷണത്തിന് മുൻഗണന നൽകുന്നതാണ്. 2026-27 കാലയളവിൽ സംഘർഷ ഹോട്ട്സ്പോട്ടുകളെ കൈകാര്യം ചെയ്യുന്നതിനായി ലാൻഡ്സ്കേപ്പ് ലെവൽ മാക്രോ പ്ലാനുകളും പഞ്ചായത്തുകളിൽ മൈക്രോ പ്ലാനുകളും നടപ്പിലാക്കുന്നതാണ്. മേൽ പ്രവർത്തനങ്ങളുടെ ധനസഹായത്തിനായി, തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് വാണിജ്യ ജൈവ ഉപയോക്താക്കളിൽ നിന്നും വികേന്ദ്രീകൃത വിഭവ സമാഹരണം എന്റെ സർക്കാർ നടപ്പാക്കി വരുന്നു. ആറളം വന്യജീവി സങ്കേതത്തിനെ അറിവിനും

പ്രാദേശിക തൊഴിലിനുമുള്ള ഒരു ഹബ്ബായ "ആറളം ബട്ടർഫ്ലൈ വില്ലേജ്" ആയി പരിവർത്തനപ്പെടുത്തുന്നത് ഒരു പ്രധാന സംരംഭമാണ്.

113. എന്റെ സർക്കാർ, ലൈബ്രറിയും ചരിത്ര ഗവേഷണ കൗൺസിലുകളുമായുള്ള പങ്കാളിത്തത്തിലൂടെ വനവിജ്ഞാന വ്യാപനം വിപുലമാക്കുന്നതാണ്.

114. ദുരന്ത മുന്നൊരുക്കങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി, തിരുവനന്തപുരത്ത് ഒരു ബദൽ അടിയന്തിര പ്രവർത്തനകേന്ദ്രം സ്ഥാപിക്കുന്നതും, പമ്പാ ചാലിയാർ നദീതടങ്ങൾക്കു വേണ്ടി മെച്ചപ്പെട്ട റിസ്ക് മോഡലിംഗ് നടപ്പിലാക്കുന്നതുമാണ്. പത്തനംതിട്ടയിൽ IoT അധിഷ്ഠിതമായ ഉരുൾപ്പൊട്ടൽ നിരീക്ഷണവും തീർത്ഥാടക സമൂഹ മാനേജ്മെന്റ് സിസ്റ്റവും സ്ഥാപിക്കുന്നത് ഭാവി നടപടികളിൽ ഉൾപ്പെടുന്നു.

## VIII. ധനകാര്യവും നികുതിയും എക്സൈസും

115. എന്റെ സർക്കാർ നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബലരായിട്ടുള്ള വിഭാഗങ്ങൾക്ക് ശക്തമായ ഒരു സാമൂഹ്യ സുരക്ഷാവലയം നൽകുന്നതിനുള്ള അതിന്റെ പ്രതിബദ്ധതയിൽ അടിയുറച്ചു നിൽക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായും ക്ഷേമനിധി ബോർഡ് പെൻഷനുകളുമായും ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. 2021 മെയ് മുതൽ 2025 നവംബർ വരെ ഈ സുപ്രധാന ക്ഷേമ പദ്ധതികൾക്കുവേണ്ടി ഒരു ഗണ്യമായ തുകയായ

45,500 കോടി രൂപ വിതരണം ചെയ്യുകയും പ്രതിമാസ പെൻഷൻ നിരക്ക് 2,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. സുസ്ഥിരമായ ഈ നയ സമീപനം, ക്ഷേമപെൻഷന്റെ പരിരക്ഷ സംസ്ഥാനത്തുടനീളമുള്ള 62 ലക്ഷം ഗുണഭോക്താക്കളിലേയ്ക്ക് വ്യാപിപ്പിക്കാൻ സഹായകമായിട്ടുണ്ട്.

116. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനായി എന്റെ സർക്കാർ 'സ്ത്രീ സുരക്ഷാ പദ്ധതി' നടപ്പിലാക്കുന്നു. മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തതും അന്ത്യോദയ അന്നയോജനയിലും (AAY), പ്രയോറിറ്റി ഹൗസ് ഹോൾഡുകളിലും (PHH) ഉൾപ്പെടുന്ന 35-നും 60-നും ഇടയിൽ പ്രായമുള്ള ട്രാൻസ് വിമെൻ ഉൾപ്പെടെയുള്ള ഏകദേശം 31.34 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം ഈ സംരംഭത്തിലൂടെ നൽകുന്നു.

117. സർക്കാർ ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെ 30 ലക്ഷത്തിലധികം ആളുകൾക്ക് പണമൊടുക്കാതെയുള്ള ചികിത്സ ലഭ്യമാക്കുന്ന സമഗ്ര പരിരക്ഷയുള്ള MEDISEP ആരോഗ്യ ഇൻഷുറൻസ് പദ്ധതി, ഒരു ദേശീയ മാതൃകയായി തുടരുന്നു. 2025 ഡിസംബർ വരെ 12 ലക്ഷത്തിലധികം ഇൻഷുറൻസ് ക്ലെയിമുകളിലായി 2,184 കോടിയിലധികം രൂപയുടെ ഇൻഷുറൻസ് ആനുകൂല്യങ്ങൾ അനുവദിക്കുകയും മാരകമായ രോഗങ്ങൾക്ക് മികച്ച ആരോഗ്യ

സംരക്ഷണം തുടർന്നും ലഭ്യമാക്കുമെന്ന് ഉറപ്പാക്കിക്കൊണ്ടുള്ള MEDISEP -ന്റെ രണ്ടാം ഘട്ടം ഈ സാമ്പത്തിക വർഷം മുതൽ തന്നെ നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

118. 2025 നവംബർ മുതൽ പ്രാബല്യത്തോടെ കാർഷിക ഉപജീവനമാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിനായി, എന്റെ സർക്കാർ, റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്ന് 200 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ സുപ്രധാന ഇൻസെന്റീവ് ഏകദേശം അഞ്ച് ലക്ഷം കർഷകർക്ക് നേരിട്ടുള്ളതും സുതാര്യവുമായ രീതിയിൽ താങ്ങുവില സഹായം നൽകുന്നു. വർദ്ധിച്ചുവരുന്ന അസംസ്കൃത വസ്തുക്കളുടെ വിലയുടെയും വിപണിയിലെ ചാഞ്ചാട്ടത്തിന്റെയും വെളിച്ചത്തിൽ താങ്ങുവില കിലോയ്ക്ക് 250 രൂപയായി ഉയർത്താനും എന്റെ സർക്കാർ യൂണിയൻ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

119. എന്റെ സർക്കാർ, ടൂറിസം വികസനവും സ്റ്റാർട്ട്അപ് എക്കോസിസ്റ്റവും ശക്തിപ്പെടുത്തുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ മൂലധന അടിത്തറ 1,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ഈ വർദ്ധനവ് പുതിയ സംരംഭങ്ങൾക്കുള്ള ഈട് രഹിത വായ്പാ പരിധി 15 കോടി രൂപയായി ഉയർത്താൻ അനുവദിക്കുകയും അതുവഴി സംസ്ഥാനത്തുടനീളം വ്യവസായ വളർച്ചയെയും സംരംഭകത്വത്തെയും ഉത്തേജിപ്പിക്കുകയും ചെയ്യും.

120. 2025 നവംബർ വരെ 1,07,580 കോടി രൂപയെന്ന പരിധിയിൽ എത്തിയതുകൊണ്ട് 1 ലക്ഷം കോടി രൂപയുടെ ബിസിനസ് ടേൺ ഓവർ കൈവരിച്ച ഇന്ത്യയിലെ പൊതുമേഖലയിലെ മിസലേനിയസ് നോൺ-ബാങ്കിംഗ് വിഭാഗത്തിലെ ആദ്യത്തെ കമ്പനിയായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE) മാറിയെന്നതിൽ എന്റെ സർക്കാർ അഭിമാനിക്കുന്നു. ത്വരിതഗതിയിലുള്ള ഡിജിറ്റൈസേഷനിലൂടെയും ഹരിതചട്ടങ്ങളുടെ കർശനമായ പാലിക്കലിലൂടെയും 2026-27 സാമ്പത്തിക വർഷത്തിൽ ഉപഭോക്തൃ അടിത്തറ 1 കോടിയായി വർദ്ധിപ്പിക്കാനും 1,25,000 കോടി രൂപ എന്ന ടേണോവർ നേടാനും എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

121. ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിനെതിരെ എൻഫോഴ്സ്മെന്റ്, വിമുക്തി മിഷൻ, പുനരധിവാസം എന്നിവയിലൂടെയുള്ള ഒരു ത്രിമുഖ കർമ്മപദ്ധതി എന്റെ സർക്കാർ നടപ്പിലാക്കിവരുന്നു. ഘടനാപരമായ പരിമിതികളും ഡിജിറ്റൽ വെല്ലുവിളികളും മറികടക്കുന്നതിനായി, എന്റെ സർക്കാർ അതിലേയ്ക്കു മാത്രമായി ഒരു സ്റ്റേറ്റ് നർക്കോട്ടിക് എൻഫോഴ്സ്മെന്റ് ബ്യൂറോ (SNEB) രൂപീകരിക്കുന്നതും നൂതന സാങ്കേതിക നിരീക്ഷണത്തിനായി പ്രത്യേക സൈബർ സെൽ സജ്ജമാക്കുന്നതുമാണ്.

122. 2025 ആഗസ്റ്റ് ഒന്ന് മുതൽ പ്രാബല്യത്തിൽ, രണ്ടു ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി പ്രവർത്തന

ക്ഷമമാക്കിക്കൊണ്ട് ജി.എസ്.ടി (GST) മേഖലയിൽ സിസ്റ്റം അധിഷ്ഠിത ഫേസ്‌ലെസ് അഡ്ജൂഡിക്കേഷൻ ഫ്രെയിംവർക്ക് നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി എന്റെ സർക്കാർ ഉയർന്നു വന്നിട്ടുണ്ട്. ഈ സംരംഭം പക്ഷപാതരഹിതവും ടെക്നോളജി അധിഷ്ഠിതവുമായ സ്റ്റാറ്റ്യൂട്ടറി നടപടികൾ ഉറപ്പുവരുത്തുന്നു. കൂടാതെ, പൈലറ്റ് അടിസ്ഥാനത്തിൽ G.S.T. വകുപ്പ് ആസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള സെൻട്രലൈസ്ഡ് റീഫണ്ട് പ്രോസസിംഗ് ഫോർമേഷൻ (CRPF), റീഫണ്ട് ക്ലെയിമുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

123. സംസ്ഥാനത്തിന്റെ വരുമാനം സംരക്ഷിക്കുന്നതിനായി, എന്റെ സർക്കാർ, വ്യാജ ജി.എസ്.ടി രജിസ്ട്രേഷനുകൾ നിയന്ത്രിക്കുന്നതിനും വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) അവകാശവാദങ്ങൾ തടയുന്നതിനുമായി അത്യാധുനിക ഡാറ്റ അനലിറ്റിക്സിന്റെ സഹായത്തോടെ കേന്ദ്രീകൃത നിർവ്വഹണ സംരംഭങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. റെഡിമിക്സ് കോൺക്രീറ്റ് യൂണിറ്റുകൾ, ടെക്സ്റ്റയിലുകൾ, നിയമവിരുദ്ധ ഡീസൽ ഉൽപാദനവും വിതരണവും, ആഭരണ ഭക്ഷ്യ മേഖലകളും ഉൾപ്പെടെയുള്ള വിവിധ മേഖലകളിലുടനീളം തുടർച്ചയായ ലക്ഷ്യാധിഷ്ഠിത രഹസ്യനീക്കങ്ങൾ സ്റ്റേറ്റ് GST ഇന്റലിജൻസ് വിംഗ് നടത്തിയിട്ടുണ്ട്. അതോടൊപ്പം എന്റെ സർക്കാർ നിലവിലുള്ള നിയമങ്ങൾക്ക് കീഴിൽ ദീർഘകാലമായുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ഒരവസരം

നൽകുന്ന 2025-ലെ ജനറൽ ആംനസ്റ്റി സ്കീം ദീർഘിപ്പിച്ചിട്ടുണ്ട്.

124. ലോട്ടറി വകുപ്പിന് വേണ്ടി മാത്രമായി പുതിയ ആസ്ഥാന മന്ദിരമായ "ഭാഗ്യഭവൻ" നിർമ്മിച്ചുകൊണ്ട് എന്റെ സർക്കാർ ലോട്ടറി വകുപ്പിൽ ഘടനാപരമായ കാര്യക്ഷമതയ്ക്ക് മുൻഗണന നൽകിക്കൊണ്ടിരിക്കുന്നു. ഭാഗ്യക്കുറി വിജയികൾക്കിടയിൽ സാമ്പത്തിക ഉത്തരവാദിത്തം പരിപോഷിപ്പിക്കുന്നതിനായി സാമ്പത്തിക നിക്ഷേപങ്ങളെക്കുറിച്ചുള്ള മോഡ്യൂളുകൾ ഉൾപ്പെടുത്തികൊണ്ട് പരിശീലന പരിപാടികൾ ശക്തിപ്പെടുത്തും. കൂടാതെ, വകുപ്പിന്റെ പരസ്യ ബജറ്റിലെ ഒരു നിശ്ചിത ഭാഗം, ഭിന്നശേഷിക്കാരുടെ കായികമേളയുടെ സ്പോൺസർഷിപ്പുപോലുള്ള ക്ഷേമ പദ്ധതികൾക്കായി നീക്കിവെയ്ക്കും.

125. സുതാര്യതയുടെ ഉയർന്ന നിലവാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ഓഫീസുകളിലും പ്രൈസ് കൗണ്ടിംഗ് മെഷീനുകളും സുരക്ഷിത ഇടപാടുകൾക്കായി ഇ-പോസ് യന്ത്രങ്ങളും സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ആധുനിക സാങ്കേതിക പരിഹാരമാർഗങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഒരു ഉയർന്ന നിലവാര ചട്ടക്കൂടോടുകൂടി LOTIS ആപ്ലിക്കേഷൻ പുനർവികസിപ്പിച്ചു കൊണ്ടിരിക്കുന്നതോടൊപ്പം തട്ടിപ്പുകളെ പ്രതിരോധിക്കുന്നതിനായി ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷാ ഫീച്ചറുകൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

126. എന്റെ സർക്കാർ ഡാറ്റാ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഡിജിറ്റൽ വൽക്കരണ പ്രക്രിയയിലൂടെ രജിസ്ട്രേഷൻ വകുപ്പിനെ സുതാര്യമായ പൗര കേന്ദ്രീകൃത സേവന ദാതാവാക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. പാർട്ണർഷിപ്പ് രജിസ്ട്രേഷനുള്ള സോഫ്റ്റ്‌വെയർ നവീകരണം, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിന് കീഴിലെ ചട്ടങ്ങൾ രൂപീകരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, മെച്ചപ്പെട്ട പൊതുസേവനം ലഭ്യമാക്കുന്നതിനുവേണ്ടി ISO സർട്ടിഫിക്കേഷൻ നേടുന്നത് ലക്ഷ്യമിട്ടുകൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ നവീകരിക്കുകയും ചെയ്യും.

## IX. റഗുലേറ്ററി മേഖല

127. ചരിത്രപരമായ ഒരു തീരുമാനത്തിലൂടെ, വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിച്ചു വരുകയും കൈവശാവകാശങ്ങൾ സിദ്ധിച്ചിട്ടുള്ളതുമായ വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എന്റെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. ഇത് അവരുടെ കൈവശഭൂമിയിൽ ഭൂനികുതി ഒടുക്കുന്നതിനും വസ്തുവിന്മേലുള്ള സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും പൊതുസേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും അവരെ സഹായിക്കുന്നു.

128. സമഗ്രമായ ഡിജിറ്റൈസേഷൻ ലക്ഷ്യമിട്ടുകൊണ്ട് ഭൂരേഖകളുടെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ ഡിജിറ്റൽ റീ-സർവ്വേ പദ്ധതി പൂർത്തീകരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. 10 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവ്വേ

നടപടികൾ ഇതിനകം പൂർത്തീകരിക്കുകയും ഏകജാലക സംവിധാനമായ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തടസ്സരഹിത രജിസ്ട്രേഷനും പോക്കുവരവും സാധ്യമാക്കുന്നതിന് ഭൂമി കൈമാറ്റത്തിന് മുമ്പുതന്നെ സർവ്വേ റെക്കോർഡുകൾ ലഭ്യമാക്കുന്ന സംവിധാനം രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയത് എന്റെ സർക്കാരാണ്. ഈ സംരംഭത്തിലൂടെ, ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഏറ്റവും കൃത്യമായതും വിശ്വസനീയവുമായ സർവ്വേ രേഖകൾ നൽകി ഭൂവുടമകൾക്ക് ആധികാരികമായ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

129. ഇന്ത്യക്കാരൻ എന്നതിനൊപ്പം കേരളീയൻ എന്ന അഭിമാനബോധം വളർത്തുന്നതിനായി എന്റെ സർക്കാർ "നേറ്റിവിറ്റി കാർഡ്" വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംരംഭത്തിനാവശ്യമായ നിയമനിർമ്മാണ നടപടികൾ അവസാന ഘട്ടത്തിലാണ്.

130. കേരളം സാക്ഷ്യംവഹിച്ച വലിയ ദുരന്തങ്ങളിലൊന്നായ മുണ്ടക്കൈ ചൂരൽമല ദുരന്തത്തിലെ ഇരകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും പൂർത്തിയാക്കുവാനും എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിജീവിച്ചവരെ അതേ സ്ഥലത്ത് തന്നെ പുനരധിവസിപ്പിക്കണമെന്ന അവരുടെ ആഗ്രഹം കണക്കിലെടുത്തുകൊണ്ട് അത്

യാഥാർത്ഥ്യമാക്കാൻ വേണ്ടി എന്റെ സർക്കാർ വയനാട് ടൗൺഷിപ്പിലൂടെ ലക്ഷ്യമിടുന്നു. വയനാട് ടൗൺഷിപ്പ് ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ സാക്ഷാത്കരിക്കുകയും ദുരന്തബാധിത കുടുംബങ്ങൾക്കായി സമർപ്പിക്കുകയും ചെയ്യും.

131. റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും "സ്മാർട്ട്" ആക്കുന്നതിൽ എന്റെ സർക്കാർ വിജയിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ നൽകുന്നതടക്കമുള്ള എല്ലാ സേവനങ്ങളും ഇപ്പോൾ ഓൺലൈനിലൂടെ നൽകിവരുന്നു. പത്തോളം വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന കേരളീയർക്ക് അവരുടെ താമസസ്ഥലത്തുനിന്ന് തന്നെ റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് സാധിക്കുന്നു എന്നത് ശ്രദ്ധേയമായ നേട്ടമാണ്. സേവനങ്ങൾ സ്മാർട്ട് ആക്കുന്നതിനൊപ്പം, മൂന്നിൽ രണ്ട് വില്ലേജ് ഓഫീസുകളെയും "സ്മാർട്ട് വില്ലേജ് ഓഫീസുകൾ" ആക്കിയതിലൂടെ എന്റെ സർക്കാരിന് വില്ലേജ് ഓഫീസുകളുടെ നിലവാരം ഉയർത്തുന്നതിൽ വിജയിക്കാൻ സാധിച്ചിട്ടുണ്ട്.

132. കേന്ദ്രീകൃത ജില്ലാ വികസന പാക്കേജുകളിലൂടെയും കരുത്താർജ്ജിച്ച ആസൂത്രണ സ്ഥാപനങ്ങളിലൂടെയും പ്രാദേശിക സന്തുലിതവും നൂതനാശയത്താൽ നയിക്കപ്പെടുന്നതുമായ ഒരു വികസന തന്ത്രമാണ് എന്റെ സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. കാസർകോട്, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗ്ഗത്തിനുള്ള സഹായം, അടിസ്ഥാനസൗകര്യം, വിനോദസഞ്ചാരം, കൃഷി,

ഗോത്രവർഗ്ഗജനവിഭാഗങ്ങൾ പരിസ്ഥിതി-ആരോഗ്യ ദുരന്തങ്ങളുടെ ഇരകൾ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളുടെ ക്ഷേമം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് പ്രത്യേക വികസന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വികസന ഫലങ്ങൾ പരമാവധിയാക്കുന്നതിന്, കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് നിർണ്ണായകമായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിനും വന്യജീവി-മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിനും വിദൂര മേഖലകളിൽ അവശ്യ സേവനങ്ങളുടെ മെച്ചപ്പെട്ട ലഭ്യതയ്ക്കും ഇത്തരം പദ്ധതികൾ ഊന്നൽ നൽകുന്നു.

133. എന്റെ സർക്കാർ, കേരള ഡെവലപ്‌മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) മുഖേന വർക്ക് നിയർ ഹോം പദ്ധതി 25 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുകയും സമൂഹാർജ്ജിത നൈപുണ്യവും തൊഴിലും വിതരണം ചെയ്യുന്ന വിജ്ഞാന കേരളത്തെ ശക്തിപ്പെടുത്തുകയും 100 ബ്ലോക്കുകളിൽ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ സ്ഥാപിക്കുകയും ചെയ്യും. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) കീഴിൽ കേരളത്തിന്റെ തീരദേശത്തുടനീളം സമഗ്ര തീരപരിപാലന പദ്ധതിയും പമ്പാനദീതടത്തിൽ നദീതട പുനരുദ്ധാരണ പ്രവർത്തനങ്ങളും എന്റെ സർക്കാർ നടപ്പിലാക്കുന്നു.

134. നിർമ്മിത ബുദ്ധി പ്രാപ്തമായ ഒരു സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററും (SOC), പ്രത്യേകാവശ്യത്തി

നായുള്ള സൈബർ ഡിവിഷനും സ്ഥാപിച്ചുകൊണ്ട് സാങ്കേതികവിദ്യയുടെ ആധുനികവൽക്കരണത്തിലൂടെ സുരക്ഷാരംഗത്ത് എന്റെ സർക്കാർ സുപ്രധാനമായ കാൽവെയ്പ്പ് നടത്തിയിരിക്കുന്നു. അന്വേഷണം കൂടുതൽ ശക്തിപ്പെടുത്താൻ, ഒരു ഡ്രോൺ ഫോറൻസിക് ലാബും, നൂതന നിരീക്ഷണ സംവിധാനങ്ങളും സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. "സ്റ്റുഡന്റ് പോലീസ് കേഡറ്റ്" പദ്ധതിയിലൂടെ അടുത്ത തലമുറയെ പരിപോഷിപ്പിക്കുന്നത് എന്റെ സർക്കാർ തുടർന്ന് വരുന്നു.

135. ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ, ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം 2026-ൽ കമ്മീഷൻ ചെയ്യും. കൂടാതെ, അടിയന്തര സേവന വിതരണത്തിനായി ഡ്രോണുകൾ വാങ്ങുകയും പ്രത്യേക വനിത സ്കൂബ ടീമിനെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയിലുകളുടെ നവീകരണത്തിനും അന്തേവാസികളുടെ പുനരധിവാസത്തിനും എന്റെ സർക്കാർ തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

136. എന്റെ സർക്കാർ, നിലവിലുള്ള ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്ക് പകരം 14 ജില്ലകളിലും ഡിജിറ്റൽ ജില്ലാ കോടതികൾക്ക് അനുമതി നൽകിക്കൊണ്ട് ജുഡീഷ്യറിയിൽ ഡിജിറ്റൽ വിപ്ലവത്തിന് നേതൃത്വം നൽകുകയാണ്. രേഖകൾ തരംതിരിക്കുന്നതിനും പ്രെഡിക്റ്റീവ് അനലിറ്റിക്സിനും ഉന്നത നിലവാരമുള്ള മോഡലുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ജുഡീഷ്യറിയിൽ ആർട്ടി

ഫിഷ്യൽ ഇന്റലിജൻസിനായുള്ള ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

137. എന്റെ സർക്കാർ "സീറോ ടോളറൻസ് ടു കറപ്ഷൻ" എന്ന അതിന്റെ നയത്തിൽ ഉറച്ചുനിൽക്കുന്നു. 2026-27ൽ, കേസുകളുടെ നടത്തിപ്പ് ഡിജിറ്റൈസ് ചെയ്യുന്നതിന് വിജിലൻസ് കേസസ് ആൻഡ് എൻക്വയറീസ് മാനേജ്മെന്റ് സിസ്റ്റം (VCEMS) നടപ്പിലാക്കുന്നതാണ്. മുട്ടത്തറ, പത്തനംതിട്ട, വയനാട് എന്നിവിടങ്ങളിലെ പുതിയ ഓഫീസ് സമുച്ചയങ്ങളുടെ നിർമ്മാണവും പൂർത്തീകരിക്കുന്നതാണ്. എന്റെ സർക്കാർ വകുപ്പുതലത്തിലുള്ള അഴിമതി തടയുന്നതിന് ഇന്റേണൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് തുടരുന്നതാണ്.

138. എന്റെ സർക്കാർ, നിയമ സാക്ഷരതയ്ക്കും നീതി നിർവ്വഹണത്തിനും മുൻഗണന നൽകുന്നു. പോലീസ് സ്റ്റേഷൻ തലത്തിൽ സിവിലും രാജിയാക്കാൻ കഴിയുന്ന ക്രിമിനൽ കാര്യങ്ങളും തീർപ്പാക്കുന്നതിനുള്ള ഒരു പദ്ധതിയായ "SAMAYAM" കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. വൈവാഹിക തർക്കങ്ങളിലെ കക്ഷികളുടെ വൈകാരിക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിന് "SAMANVAYA" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

139. എന്റെ സർക്കാർ, നീതിന്യായ സ്ഥാപനങ്ങളെ ജനങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുന്നതിൽ

പ്രതിജ്ഞാബദ്ധമാണ്. ഒരു പ്രധാന ചുവടുവെയ്പ്പ് എന്ന നിലയിൽ കണ്ണൂരിലെ തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ (KAT) ഒരു അഡീഷണൽ ബെഞ്ച് സ്ഥാപിക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ഇത് തിരുവനന്തപുരത്തും എറണാകുളത്തും നിലവിലുള്ള ബെഞ്ചുകൾക്ക് പുറമെയുള്ളതായിരിക്കുന്നതും വടക്കൻ ജില്ലകൾക്ക് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നത് ഉറപ്പാക്കുന്നതുമാണ്.

140. 79 എന്ന കോമ്പോസിറ്റ് സ്കോർ നേടി തുടർച്ചയായ നാലാം വർഷവും NITI ആയോഗ് SDG ഇന്ത്യ ഇൻഡക്സ് 2024-ൽ, ഒന്നാം റാങ്ക് കരസ്ഥമാക്കി ക്കൊണ്ട് എന്റെ സർക്കാർ സുസ്ഥിര വികസനത്തിൽ ദേശീയ നേതൃത്വത്തിൽ തുടരുന്നു. രാജ്യത്തെ ഏറ്റവും കുറഞ്ഞ മൾട്ടിഡൈമെൻഷണൽ പോവർട്ടി ഹെഡ്കൗണ്ട് റേഷ്യോ 0.55 ശതമാനമായും കച്ച വാസസ്ഥലങ്ങൾ ഉള്ള കുടുംബങ്ങളുടെ എണ്ണം ഏറ്റവും കുറഞ്ഞ 0.3 ശതമാനമായും രേഖപ്പെടുത്തുമ്പോൾ തന്നെ കേരളം പട്ടിണി ഇല്ലായ്മയിലും ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലും രാജ്യത്തെ നയിക്കുന്നു. ചെലവ് കുറഞ്ഞതും ശുദ്ധമായതുമായ ഊർജ്ജത്തിന്റെ ഒരു 'അച്ചീവർ സ്റ്റേറ്റ്' എന്ന നില യിൽ കേരളം 100 ശതമാനം ഭവന വൈദ്യുതീ കരണവും 100.18 ശതമാനം LPG, PNG

കണക്ഷനുകളുടെ കവറേജും നേടിയിട്ടുണ്ട്. കൂടാതെ, മാതൃ മരണനിരക്കും അഞ്ച് വയസ്സിനു താഴെയുള്ളവരുടെയും നവജാത ശിശുക്കളുടെയും മരണനിരക്കുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്രസഭയുടെ SDG ടാർജറ്റുകൾ സംസ്ഥാനം നേടിയിട്ടുള്ളതും മാതൃ ശിശു ആരോഗ്യ മേഖലകളിൽ കേരളത്തെ ആഗോള മുൻനിരക്കാരുടെ കൂടെ നിലനിർത്തിയിട്ടുള്ളതുമാണ്.

141. സുതാര്യതയും ഉത്തരവാദിത്തവും ശക്തിപ്പെടുത്തുന്നതിന്, 191 ടെയിലേർഡ് ഇൻഡിക്കേറ്ററുകൾ ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റ് ഇൻഡിക്കേറ്റർ ഫ്രെയിം വർക്കിന്റെയും തത്സമയ SDG ഡാഷ്ബോർഡിന്റെയും സമാരംഭത്തോടെ ഡാറ്റ അധിഷ്ഠിത ഭരണത്തിൽ എന്റെ സർക്കാർ വളരെയധികം മുന്നേറിയിട്ടുണ്ട്. ദേശീയ തലത്തിൽ പകർത്താവുന്നതാണെന്ന് 2024-25-ലെ സാമ്പത്തിക സർവ്വേയിൽ കണ്ടെത്തിയിട്ടുള്ള, SDG-യുടെ ഈ തദ്ദേശീയ മാതൃക വികേന്ദ്രീകൃതമായ മത്സരബുദ്ധി പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാതല റാങ്കിംഗ് സുഗമമാക്കുന്നതിനുമുള്ള കേരള SDG Index അവതരിപ്പിച്ചുകൊണ്ട് തുടരുന്നതാണ്. മുന്നോട്ട് പോകുമ്പോൾ, സുസ്ഥിര വികസനത്തിന് കേരളം തുടർന്നും ഉയർന്ന നിലവാരം പുലർത്തുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ ഓട്ടോമേറ്റഡ് അനലിറ്റിക്സും സ്ഥാപനങ്ങളുടെ പങ്കാളിത്തവും വിപുലീകരിക്കുന്നതാണ്.

## X. കായികവും കലയും സാംസ്കാരികവും

142. എന്റെ സർക്കാർ സമഗ്ര വികസനത്തിന്റെ അവശ്യ ഘടകങ്ങളായുള്ള കായികം, കല, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു. കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും സാമൂഹിക ഐക്യത്തിനും ആരോഗ്യകരമായ ഒരു സമൂഹത്തിനുമുള്ള അവയുടെ പങ്ക് തിരിച്ചറിഞ്ഞുകൊണ്ട്, എന്റെ സർക്കാർ, എല്ലാ തലങ്ങളിലുമുള്ള പങ്കാളിത്തത്തിന് വേണ്ടി സ്ഥാപനപരമായ പിന്തുണ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അവസരങ്ങൾ വിപുലീകരിക്കുക എന്നിവ ശക്തിപ്പെടുത്തുകയാണ്.

143. എന്റെ സർക്കാർ, 2026-27-ൽ, കണ്ടന്റ് മോണിറ്ററിംഗിനും പരിഭാഷയ്ക്കും AI ടൂളുകൾ ഉപയോഗിച്ചുകൊണ്ട് ഡിജിറ്റൽ ആശയവിനിമയം മെച്ചപ്പെടുത്തുന്നതാണ്. ഡിജിറ്റൽ പ്രചാരണ പ്രവർത്തനങ്ങളിലൂടെയും വർദ്ധിച്ച സാമൂഹിക മാധ്യമ പങ്കാളിത്തത്തിലൂടെയും മീഡിയ ഔട്ട്റീച്ച് നവീകരിക്കുന്നതാണ്.

144. കരകൗശല വിദഗ്ധർക്കും കലാകാരന്മാർക്കും ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിനോടൊപ്പം കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനുള്ള സുസ്ഥിര നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ് സ്കീം, യുവതലമുറകളിൽ സാംസ്കാരിക സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാനത്തുട

നീളമുള്ള കലാ പരിശീലന കേന്ദ്രങ്ങളിലെ 1000 യുവ കലാകാരന്മാരെ പങ്കെടുപ്പിച്ചിട്ടുണ്ട്.

145. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ സംരക്ഷണം, വികസനം, വിപണനം എന്നിവയ്ക്കായി 56 സ്വയം-സഹായ സംഘങ്ങൾ റൂറൽ ആർട്ട് ഹബ് സ്കീമിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അത് 100 സംഘങ്ങളായി വികസിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളതുമാണ്. നാട്ടരങ്ങ് പദ്ധതിയിലൂടെ, ഗ്രാമങ്ങളിലും ചെറിയ പട്ടണങ്ങളിലും സാംസ്കാരിക ഇടങ്ങൾ സൃഷ്ടിച്ചുവരുന്നതും വടക്കാഞ്ചേരി, ചെങ്ങന്നൂർ, വള്ളിക്കുന്ന്, അന്നമനട എന്നിവിട ങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും മറ്റ് സ്ഥലങ്ങളിൽ കൂടുതൽ കേന്ദ്രങ്ങൾ പുരോഗമിച്ചു വരുന്നതുമാണ്.

146. 14 ജില്ലകളിലും പ്രശസ്തരായ നവോത്ഥാന നേതാക്കൻമാരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയ ങ്ങൾ സ്ഥാപിക്കുന്നത് ഗണ്യമായി പുരോഗമിച്ചു വരുന്നതും കൊല്ലം (2023) പാലക്കാട് (2025) എന്നിവിടങ്ങളിലെ സമുച്ചയങ്ങൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞിട്ടുള്ളതും കാസർഗോഡുള്ള നിർമ്മാണം പുരോഗമിച്ചുവരുന്നതും ശേഷിക്കുന്ന ജില്ലകളിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളതുമാണ്.

147. മ്യൂസിയങ്ങളും അന്യം നിന്ന് പോകാവുന്ന കലാരൂപ ങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിനും ഓൺലൈൻ പഠനം സാധ്യമാക്കുന്നതിനും ഡിജിറ്റൽ യൂണിവേഴ്സിറ്റി

യുടെ പങ്കാളിത്തത്തോടെയുള്ള E-Arts പദ്ധതിയിലൂടെ ഡിജിറ്റൽ സംരക്ഷണത്തിലും എന്റെ സർക്കാർ മുന്നേറ്റം നടത്തുന്നു. കൂടാതെ, കേരളത്തിന്റെ സമ്പന്നമായ കലാപാരമ്പര്യം വരും തലമുറകൾക്കായി സംരക്ഷിക്കുന്നത് ഉറപ്പാക്കിക്കൊണ്ട് വൈവിധ്യ മാർന്ന കലാരൂപങ്ങളിലെ പ്രഗത്ഭരായ കലാകാരന്മാരെ ആദരിക്കുന്നതിനുള്ള ഒരു സംസ്ഥാനതല സ്മാരകം എന്ന നിലയിൽ കൾച്ചറൽ കേരള സ്മൃതി മന്ദിരം സ്ഥാപിക്കുന്നതാണ്.

148. താഴെത്തട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സംസ്ഥാന പ്ലാൻ ഫണ്ട്, MLA ഫണ്ട്, CSR വിഹിതം എന്നിവ സ്വരൂപിച്ച് എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം നിർമ്മിക്കുന്നതിന് "ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം" എന്ന പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

149. എന്റെ സർക്കാർ, 2036 ഒളിമ്പിക്സിൽ മെഡലുകൾ നേടുന്നത് ലക്ഷ്യംവച്ച് 14 ജില്ലകളിലുടനീളം കേരള ഒളിമ്പിക് ടാലന്റ് പാത്ത്‌വേ (KOTP) ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ കോളേജ് സ്പോർട്സ് ലീഗ് (CSL) മുഖേന ക്യാമ്പസ് സ്പോർട്സ് പ്രൊഫഷണലൈസ് ചെയ്തിട്ടുള്ളതും വോളിബോൾ ഉൾപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് വികസിപ്പിക്കുന്നതുമാണ്.

150. എന്റെ സർക്കാർ സുസംഘടിതമായ ഇടപെടലുകൾ, സന്നദ്ധപ്രവർത്തനം, സാമൂഹിക ഉത്തരവാദിത്തം എന്നിവയിലൂടെ യുവജനങ്ങളെ ശാക്തീകരിക്കുന്ന തിനുള്ള സുസ്ഥിര നടപടികൾ ഏറ്റെടുത്തിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷനിലൂടെയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലൂടെയും യുവജന ബോധവൽക്കരണ പദ്ധതികൾ, കോളേജുകളിലെ കൗൺസിലിംഗ് സേവനങ്ങൾ, അദാലത്തുകൾ, സ്ത്രീധനത്തിനും മയക്കുമരുന്ന് ദുരുപയോഗത്തിനു മെതിരെയുള്ള ക്യാമ്പയിനുകൾ എന്നിവ സംസ്ഥാന ത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ യുവജനശക്തിയായ ടീം കേരളയിലൂടെ, യുവജന ങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങൾ സ്ഥാപന വൽക്കരിച്ചിട്ടുള്ളതും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തന ങ്ങൾ ഉൾപ്പെടെ ദുരന്തപ്രതികരണം, പൊതു ജനാരോഗ്യ സംരംഭങ്ങൾ, സോഷ്യൽ ക്യാമ്പയിനു കൾ എന്നിവയിൽ അത് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുള്ളതുമാണ്. 1,545 സ്കൂളുകളിൽ നിന്നുള്ള 47,773 വിദ്യാർത്ഥികൾ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള ബ്രെയിൻ ബാറ്റിൽ സയൻസ് ക്വിസിലൂടെ ശാസ്ത്രീയമായ കാഴ്ചപ്പാട് പ്രോത്സാഹി പ്പിച്ചിട്ടുള്ളതാണ്. സ്പോർട്സിനും സാമൂഹിക പ്രവർത്തനങ്ങൾക്കും വേണ്ടി അഫിലിയേറ്റ് ചെയ്ത യൂത്ത് ക്ലബ്ബുകൾക്കുള്ള പിന്തുണയ്ക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 1000 'അവളിടം'

ക്ലബ്ബുകളും, ട്രാൻസ്ജെൻഡർ യുവജനങ്ങൾക്കുള്ള 'മാരിവിൽ' ക്ലബ്ബുകളും ഉൾപ്പെടുന്ന ക്ലബ്ബുകളുടെ വിപുലമായ ഒരു ശൃംഖലയിലൂടെ യുവജനങ്ങളുടെ പങ്കാളിത്തം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്.

151. 2026-27-ൽ എന്റെ സർക്കാർ സാംസ്കാരിക പങ്കാളിത്തം, സാമൂഹിക ഇടപെടലുകൾ, യുവജനങ്ങളുടെ സംരംഭകത്വം എന്നിവ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള സംരംഭങ്ങൾ നടപ്പിലാക്കുന്നതാണ്. ഇന്നവേഷൻ, പുതിയ സാങ്കേതികവിദ്യകൾ, മെന്ററിംഗ്, അവസരങ്ങൾ ഉറപ്പാക്കൽ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു യൂത്ത് സ്റ്റാർട്ട്അപ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്. യുവ ക്ലബ്ബുകൾക്ക് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കായിക മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതും പെർഫോമൻസ് സിറ്റി ഇനിഷിയേറ്റീവിലൂടെ നടനകലകൾ, നാടകോത്സവങ്ങൾ, പുസ്തക-സാംസ്കാരിക ഉത്സവങ്ങൾ എന്നിവയ്ക്കും യുവ എഴുത്തുകാർക്കും വേദി ഒരുക്കുന്നതും, യുവജനങ്ങളുടെ ഉപജീവനത്തെയും സാംസ്കാരിക ആവിഷ്കാരത്തെയും പിന്തുണയ്ക്കുന്നതുമാണ്.

**ഉപസംഹാരം**

ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

152. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ പൂർണ്ണമായും അധിഷ്ഠിതമായതും (Zero Cash), ഗതാഗത കുരുക്കില്ലാത്തതും (Zero Congestion), മലിനീകരണ രഹിതമായതും (Zero Emissions), മാലിന്യമുക്ത സംവിധാനത്തോടുകൂടിയതും (Zero Waste), അപകടരഹിതവുമായ (Vision Zero) സുരക്ഷിതവും ശുചിത്വവുമുള്ള നഗരങ്ങളോടു കൂടിയ ഒരു നവ കേരളം എന്ന കാഴ്ചപ്പാടാണ് എന്റെ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ വീക്ഷണം സാക്ഷാത്കരിക്കുന്നതിനായി, നഗര വികസന പദ്ധതികളെ ഗതാഗത പദ്ധതികളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സംയോജിത-ഏകീകൃത നഗരഗതാഗത സംവിധാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

153. നാവിക അക്കാഡമി, DRDO-NPOL, കൊച്ചിൻ ഷിപ്പിയാർഡ്, ബ്രഹ്മോസ് എയ്റോസ്പെയ്സ് എന്നിങ്ങനെയുള്ള ദേശീയ ആസ്തികൾ പ്രയോജനപ്പെടുത്തിയുള്ള ഒരു ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് കോറിഡോർ; ആഗോള നൈപുണ്യ കേന്ദ്രം; MSMEകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള

ധനസഹായം വർദ്ധിപ്പിക്കൽ; കേരളത്തിൽ മദർഷിപ്പ് നിർമ്മാണത്തിനുള്ള സൗകര്യങ്ങളൊരുക്കൽ; വിഴിഞ്ഞം പോർട്ടിനെ ഭാരത് മാല പ്രോഗ്രാമുമായും ചരക്ക് നീക്കത്തിനുള്ള പ്രത്യേക ഇടനാഴികളുമായും സംയോജിപ്പിക്കൽ; പ്രതിരോധം, എയ്റോസ്പേസ്, വൈദ്യുത വാഹനങ്ങൾ, കാറ്റാടിയന്ത്രങ്ങൾ, അത്യാധുനിക ഇലക്ട്രോണിക്സ് എന്നിവയ്ക്ക് വേണ്ടി പെർമനന്റ് മാഗ്നെറ്റ്സ് നിർമ്മിക്കുന്നതിനുള്ള സ്ട്രാറ്റജിക് റെയർ എർത്ത് കോറിഡോർ എന്നിവയാണ് യൂണിയൻ സർക്കാരിന്റെ ധനസഹായത്തോടെ നവകേരളം വിഷനുകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സംരംഭങ്ങൾ.

154. ഉപസംഹരിക്കുന്ന ഈ വേളയിൽ, ഭാരതത്തിന്റെ ഭരണഘടനയോടും കേരളത്തിന്റെ സവിശേഷമായ വികസനപാത രൂപപ്പെടുത്തിയെടുത്ത ധർമ്മം, സാമൂഹ്യനീതി, ജനാധിപത്യ വികേന്ദ്രീകരണം, സുസ്ഥിര വികസനം എന്നീ തത്വങ്ങളോടുമുള്ള എന്റെ സർക്കാരിന്റെ അചഞ്ചലമായ പ്രതിജ്ഞാബദ്ധത, ഞാൻ ഊട്ടി ഉറപ്പിക്കുന്നു. ഈ സഭയിൽ അവതരിപ്പിച്ച വൈവിദ്ധ്യമാർന്ന സംരംഭങ്ങൾ, ജനങ്ങളുടെ ആശയാഭിലാഷങ്ങളിൽ അധിഷ്ഠിതമായ അതിജീവനത്തിനും ബഹുസ്വരതയ്ക്കും ഭാവിയിലേക്ക്

ഉറ്റുനോക്കുന്നതുമായ ഒരു കേരളത്തിനുവേണ്ടിയുള്ള സമഗ്ര ദർശനം പ്രതിഫലിപ്പിക്കുന്നു.

155. എന്റെ സർക്കാരിന് ഭരണഘടന മൂല്യങ്ങളോടും നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ധാർമ്മികതകളായ ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സോഷ്യലിസം എന്നിവയോടും ആഴത്തിലുള്ള പ്രതിബദ്ധതയുണ്ട്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയായിട്ടുള്ള ഈ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

156. നമ്മുടെ മുന്നിലുള്ള വെല്ലുവിളികൾ, കൂട്ടുത്തര വാദിത്തവും ഭരണ-സ്ഥാപന തലങ്ങളിലുടനീളമുള്ള വിവേകപൂർണ്ണമായി തീരുമാനം കൈക്കൊള്ളലും സഹകരണവും ആവശ്യപ്പെടുന്നു. കേരളത്തിന്റെ ശക്തി അതിന്റെ ജനതയിലും ശക്തിമത്തായ പൊതുസ്ഥാപനങ്ങളിലും പ്രബുദ്ധമായ പൊതുസംവാദ ങ്ങളിലുള്ള അതിന്റെ ദീർഘമായ പാരമ്പര്യത്തിലു മാണ് നിലകൊള്ളുന്നത്. ഈ സഭയിലെ സംവാദങ്ങൾ അർത്ഥവത്തായ നയരൂപീകരണത്തിനും കാര്യക്ഷമ മായ ഭരണത്തിനും സംഭാവന നൽകുമെന്ന് എന്റെ സർക്കാരിന് ഉറപ്പുണ്ട്.

157. ഈ സമ്മേളനം ഓരോ പൗരനും അന്തസ്സും അവസരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന പൊതുവായ ലക്ഷ്യത്തിലേക്ക് നയിക്കുന്ന ക്രിയാത്മകമായ ഇടപെടലുകൾക്കും ലക്ഷ്യബോധ ത്തോടെയുള്ള പ്രവർത്തനങ്ങൾക്കുമുള്ള ഒരു വേദിയാകട്ടെ. കേരള നിയമസഭയുടെ ക്രിയാത്മകവും ഫലപ്രദവുമായ ഒരു സമ്മേളനം ആദരണീയരായ എല്ലാ നിയമസഭാംഗങ്ങൾക്കും ഞാൻ ആശംസിക്കുന്നു.

**ജയ് ഹിന്ദ്**

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2026.